ശ്രീശങ്കരാചാര്യവിരചിത

സൗന്ദര്യലഹരി



പരിഭാഷ

മരുതൂർ പുരുഷോത്തമൻ

ശ്രീശങ്കരാചാര്യവിരചിത

സൗന്ദര്യലഹരി

പരിഭാഷ

മരുതൂർ പുരുഷോത്തമൻ

Malayalam
Saundaryalahari
by
Shri Sankaracharya
Translated by
Maruthoor Purushothaman

Contact : mppn26@gmail.com

സൗന്ദര്യലഹരി

1

ശിവശ്ശക്ത്യായുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാദ്ധ്യാം ഹരിഹരവിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി?

ശക്തിയുമായി ചേരുമ്പോൾ മാത്രമേ ശിവനു സൃഷ്ടി നടത്താനാവൂ; അല്ലെങ്കിൽ അനങ്ങാൻപോലും ശിവനാവില്ല. അപ്പോൾ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർക്കുപോലും ആരാദ്ധ്യയായ ആ ശക്തിയെ തൊഴാനും വാഴ്ത്താനും ഒരു സുകൃതവും നേടാത്തവർക്കെങ്ങനെ കഴിയും?

ശിവൻ ദേവീയോഗാൽ പ്രഭവബലവാ,നൊന്നിളകുവാ-
നവശ്യം കെൽപ്പില്ലാത്തബലനു,മതല്ലെ,ങ്കിലതിനാൽ
ഭവാനീഭക്തന്മാർ ഹരിഹരവിധാതാക്ക,ളൊരു പു-
ണ്യവും നേടാത്തോരെങ്ങനെ തൊഴുതു വാഴ്ത്തും ഭവതിയെ?

2

തനീയാംസം പാംസും തവ ചരണപങ്കേരുഹഭവം
വിരിഞ്ചിഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം
വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാം
ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം

നിന്റെ പാദപത്മങ്ങളിലെ പൂമ്പൊടി സമാഹരിച്ച് ബ്രഹ്മാവ് സൃഷ്ടിച്ച ലോകത്തെ വിഷ്ണു ആയിരം ശിരസ്സുകൾകൊണ്ടു ചുമക്കുന്നു; പിന്നീട് ആ ലോകത്തെ പ്രളയാഗ്നിയിൽ ചുട്ടെരിച്ച ചാരം ശിവൻ സ്വശരീരത്തിൽ ഭസ്മമായി അണിയുകയും ചെയ്യുന്നു.

പരാഗങ്ങൾ നിൻ പൂങ്കഴലിണ പൊഴിയ്ക്കുന്നതു സമാ-
ഹരിച്ചുണ്ടാക്കുന്നൂ വിധിയവികലം മൂന്നുലകവും
ശിരസ്സൊന്നല്ലോരായിരമൊട്ടു ചുമക്കുന്നു ഹരി, ചു-
ട്ടെരിയ്ക്കും ചാരം തൊട്ടുടലിലണിയുന്നൂ പുരഹരൻ!

3

അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ
ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതിത്ധരീ
ദരിദ്രാണാം ചിന്താമണിഗുണനികാ ജന്മജലധൗ
നിമഗ്നാനാം ദംഷ്ട്രാ മുരരിപുവരാഹസ്യ ഭവതി

അറിവില്ലാത്തവരിൽ ആത്മപ്രകാശം പരത്തുന്ന സൂര്യനായും മന്ദബുദ്ധികളിൽ ഉന്മേഷം പകരുന്ന പൂന്തേനായും ദരിദ്രർക്കു സകലവിഭവങ്ങളും നൽകുന്ന ചിന്താമണിമാലയായും ജനിമൃതിക്കടലിൽ വീണവർക്കു വരാഹമൂർത്തിയുടെ തേറ്റയായും നീ നിലകൊള്ളുന്നു.

ജളന്മാർക്കുള്ളിൽക്കൂരിരുളിലുണരും പൊൻകതിരവൻ
ജഡന്മാർക്കുത്സാഹപ്രകൃതി പകരും പൂമധുകണം
ദരിദ്രർക്കായ് ചിന്താമണികളുടെ ഹാരം, ജനിമൃതി-
ത്തിരക്കോളിൽ വീണോർക്കഭയവര നീ സൂകരരദം!

4

ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണ-
സ്ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ
ഭയാത് ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ, ലോകാനാം തവ ഹി ചരണാവേവ നിപുണൗ

ഇരുകൈകൾകൊണ്ടു വരദാഭയമുദ്ര കാണിക്കുന്ന ദേവീദേവന്മാരിൽ നിന്നു ഭിന്നയായി അത്തരം അഭിനയങ്ങൾക്കൊന്നും നീ മുതിരുന്നില്ല. ഭക്തന്മാരെ ഭയത്തിൽനിന്നു മോചിപ്പിച്ചു സകല മോഹങ്ങളും സാധിപ്പിക്കാൻ നിനക്കു നിന്റെ രണ്ടു പാദങ്ങൾ മാത്രം മതിയല്ലോ!

നിനക്കന്യം കൈകൊണ്ടഭയവരമുദ്രാദ്യഭിനയം
നിനക്കെന്നും വേറിട്ടൊരു വഴി സമാരാദ്ധ്യവരരിൽ!
നിനയ്ക്കും മോഹങ്ങൾക്കതിലധികവും തന്നു ഭയവും
ഹനിയ്ക്കാനമ്മേ നിൻ കഴലിണകളത്യന്തനിപുണം!

5

ഹരിസ്ത്വാമാരാദ്ധ്യ പ്രണതജനസൗഭാഗ്യജനനീം
പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്
സ്മരോപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ
മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം

ആശ്രിതവത്സലയായ നിന്റെ അനുഗ്രഹത്തോടെ പണ്ടു മോഹിനീ രൂപം ധരിച്ച വിഷ്ണു, ശിവന്റെപോലും മനസ്സിളക്കി; നിന്നെ ഭജിച്ചതിന്റെ ഫലമായി രതിയുടെ കടാക്ഷമേറ്റ ശരീരത്തോടെ കാമദേവൻ ഇന്നും മുനിമാരുടെ മനസ്സിൽ മോഹം ജനിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു.

ശരണ്യർക്കൈശ്വര്യോത്സവമരുളുമമ്മേ, തവ കൃപാ-
വരത്താൽ വൈകുണ്ഠൻ വരതരുണിയായ് വെന്നു ഹരനെ!
സ്മരൻപോലും നിന്നെത്തൊഴുതു രതിനേത്രങ്ങളുഴിയും
ശരീരത്താൽ മോഹം മുനികളിലുണർത്തുന്നു നിതരാം!

6

ധനുഃ പൗഷ്പം മൗർവീ മധുകരമയീ പഞ്ചവിശിഖാ
വസന്തഃ സാമന്തോ മലയമരുദായോധനരഥഃ
തഥാപ്യേകഃ സർവം ഹിമഗിരിസുതേ കാമപി കൃപാ-
മപാങ്ഗാത്തേ ലബ്ധ്വാ ജഗദിദമനങ്ഗോ വിജയതേ

പൂക്കളുടെ വില്ലും വണ്ടുകളുടെ ഞാണും അഞ്ചു ശരങ്ങളുമായി വസന്തത്തെ തേരാളിയാക്കി മലങ്കാറ്റായ രഥത്തിൽ കയറി സ്വന്തമായൊരു ദേഹംപോലുമില്ലാതെ യുദ്ധത്തിനു പുറപ്പെട്ട കാമദേവൻ ഹിമവത്പുത്രിയായ നിന്റെ കടാക്ഷംകൊണ്ടു മാത്രം ലോകം കീഴടക്കുന്നു.

മലർവില്ലും വണ്ടിൻനികരമണിഞാണ,ഞ്ചു ശരവും
മലങ്കാറ്റിൻ തേരും മലരണിവസന്തം തുണയുമായ്
മലർബാണനൊറ്റയ്ക്കുലകഖിലവും വെൽവതിനു നേർ-
ബലം നിൻ കാരുണ്യാമൃതഗുരുകടാക്ഷം ഗിരിസുതേ!

7

ക്വണത് കാഞ്ചീദാമാ കരികലഭകുംഭസ്തനനതാ
പരിക്ഷീണാ മദ്ധ്യേ പരിണതശരശ്ചന്ദ്രവദനാ
ധനുർബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ
പുരസ്താദാസ്താം നഃ പുരമഥിതരാഹോപുരുഷികാ

ആനയുടെ മസ്തകംപോലുള്ള സ്തനഭാരം മൂലം കുനിഞ്ഞ ദേഹവും പൂർണചന്ദ്രന്റെ മുഖഭംഗിയും അരക്കെട്ടിലെ മണിക്കിലുക്കവുമായി വില്ലും അമ്പും തോട്ടിയും കയറും ധരിച്ച കൈകളോടെ, ശിവന്റെ അഭിമാനമായി കരുതപ്പെടുന്ന നീ ഞങ്ങൾക്കരികെ പ്രത്യക്ഷപ്പെട്ടാലും!

കിലുങ്ങുന്നോമൽപ്പൊന്നരമണി, കുചങ്ങൾക്കടിയിലാർ-
ത്തുലഞ്ഞും ശോഷിച്ചോരുദര,മുദയച്ചന്ദ്രവദനം
ശരം, ചാപം, തോട്ടി,ക്കയറിവ കരത്തിൽ, - സ്മരഹര-
ന്നഹങ്കാരം തീർക്കും വടിവു തവ കണ്ടാവു സവിധേ!

8

സുധാസിന്ധോർമദ്ധ്യേ സുരവിടപിവാടീപരിവൃതേ
മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ
ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം
ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം

അമൃതക്കടലിനു നടുവിലെ കൽപ്പവൃക്ഷങ്ങൾ ചൂഴുന്ന പവിഴദ്വീപിൽ, കദംബമരങ്ങളുടെ പൂങ്കാവനത്തിൽ, ചിന്താമണിഭവനത്തിൽ, ശിവരൂപമായ മഞ്ചത്തിൽ, പരമശിവനായ മെത്തയിൽ ചിദാനന്ദരൂപിയായി വാഴുന്ന നിന്നെ സുകൃതികളായ ചിലർ ഭജിയ്ക്കുന്നു.

പയോധീമദ്ധ്യത്തിൽ സുരതരുവനത്തിൽ വരമണീ-
മയദ്വീപിൽ ചിന്താമണിവസതിയിൽ പൂവനികയിൽ
ശയാനത്തിൽ ശർവോപരിചരവിരിപ്പിൽ ചിദപര-
ദ്വയാനന്ദം തേടും ഭവതിയെ ഭജിയ്ക്കുന്നു സുജനം!

9

മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം
സ്ഥിതം സ്വാധിഷ്ഠാനേ ഹൃദി മരുതമാകാശമുപരി
മനോപി ഭ്രൂമദ്ധ്യേ സകലമപി ഭിത്വാ കുളപഥം
സഹസ്രാരേ പത്മേ സഹ രഹസി പത്യാ വിഹരസേ

മൂലാധാരത്തിലെ ഭൂമീതത്വവും മണിപൂരത്തിലെ ജലവും സ്വാധിഷ്ഠാനത്തിലെ അഗ്നിയും അനാഹതത്തിലെ വായുവും വിശുദ്ധിയിലെ ആകാശവും ആജ്ഞാചക്രത്തിലെ മനസ്സും ചേർന്ന കുളമാർഗത്തെ കടന്നു സഹസ്രാരപത്മത്തിൽ നീ ഭർത്താവുമായി വിഹരിക്കുന്നു.

ധരയ്ക്കായ് മൂലം, നീരതിനു മണിപൂരം, ദഹനനായ്
പുരം സ്വാധിഷ്ഠാനം, ഹൃദയമനിലൻ, വാനമുപരി
ശിരോമദ്ധ്യേ ചിത്തം കുളഗതി കടന്നത്ര ദളമാ-
യിരം രാജീവത്തിൽ പശുപതിയുമായ് മോദവതി നീ!

10

സുധാധാരാസാരൈഃ ചരണയുഗളാന്തർവിഗളിതൈഃ
പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ
അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാ സ്വപിഷി കുളകുണ്ഡേ കുഹരിണി

നിന്റെ പാദമദ്ധ്യത്തിൽനിന്നും ഉദ്ഭവിക്കുന്ന അമൃതപ്രവാഹം പ്രപഞ്ചനാഡികളെ കുളിർപ്പിച്ച് സഹസ്രാരത്തിൽ ചെന്നു വീണ്ടും സ്വസ്ഥാനമായ ഭൂമിയിലേക്കു മടങ്ങി മൂന്നരച്ചുറ്റുള്ള ഒരു സർപ്പത്തിന്റെ രൂപത്തിൽ കുഹരിണിയായ മൂലാധാരത്തിൽ ഉറങ്ങുന്നു.

പദങ്ങൾക്കുള്ളിൽനിന്നൊഴുകിയ സുധാധാരയുലകം
കുളിർപ്പിച്ചെത്തുന്നൂ നറുനിലവിതാനത്തിലുടനേ
തിരിച്ചെത്തി സ്വന്തം മഹിയിലഹിയായ് മൂന്നരചുരുൾ-
ച്ചുരുക്കത്തിൽ സ്വൈരം കുഹരിയിലുറങ്ങുന്ന ശിവ നീ!

11

ചതുർഭി: ശ്രീകണ്ഠൈ: ശിവയുവതിഭി: പഞ്ചഭിരപി
പ്രഭിന്നാഭി: ശംഭോർന്നവഭിരപി മൂലപ്രകൃതിഭി:
ചതുശ്ചത്വാരിംശദ്വസുദലകലാശ്രത്രിവലയാ
ത്രിരേഖാഭി: സാർദ്ധം തവ ശരണകോണാ: പരിണതാ:

ശിവാത്മകമായി മേലോട്ടു നാലും ശക്ത്യാത്മകമായി താഴോട്ടഞ്ചും മുഖമുള്ള ത്രികോണങ്ങളും സ്വസ്ഥാനമായ ബിന്ദു, അഷ്ടദളം, ഷോഡശദളം, വൃത്തത്രയം, ഭൂപുരത്രയവും ഉൾപ്പെടെ ആകെ നാൽപ്പത്തിനാലു ശരണകോണങ്ങളുള്ളതാണ ശ്രീചക്രം.

ത്രികോണം നാലെണ്ണം ശിവനു, ഗിരിജയ്ക്കഞ്ചുവിധമ-
പ്രകാരം മൂലാത്മപ്രകൃതി, വലയം മൂന്നു, കലയും
ത്രിരേഖയ്ക്കുള്ളിൽ ഭൂപുര,ദളപുടം, കൂട്ടമിവ നാൽ-
പ്പതും നാലും ചേരും തവ ശരണകോണങ്ങളഗജേ!

12

ത്വദീയം സൗന്ദര്യം തുഹിനഗിരികന്യേ തുലയിതും
കവീന്ദ്രാ: കൽപന്തേ കഥമപി വിരിഞ്ചിപ്രഭൃതയ:
യദാലോകൗത്സുക്യാദമരലലനാ യാന്തി മനസാ
തപോഭി: ദുഷ്പ്രാപാമപി ഗിരിശസായൂജ്യപദവീം

ഹിമവത്പുത്രിയായ ദേവീ, ബ്രഹ്മാവിനെപ്പോലുള്ള മഹാകവികൾക്കും വർണ്ണിയ്ക്കാനാവാത്ത നിന്റെ സൗന്ദര്യം കാണാനുള്ള കൗതുകത്തോടെ ദേവസ്ത്രീകൾ, തപസ്സുചെയ്തു നേടാനാവാത്ത ശിവസായൂജ്യം പക്ഷേ മനസ്സുകൊണ്ടു പ്രാപിയ്ക്കാൻ ശ്രമിയ്ക്കുന്നു.

വിരിഞ്ചൻ തൊട്ടുള്ളക്കവികളിനിയും നിന്റെ വരസു-
ന്ദരീരൂപം വർണിപ്പതിനു വഴി കണ്ടീല ഗിരിജേ!
ഗിരീശദ്ധ്യാനത്തിൽ മുഴുകിയവശം വാഴ്വു സുരസു-
ന്ദരീവൃന്ദം നിന്നെത്തരളമൊരു നോക്കൊന്നു നുകരാൻ!

13

നരം വർഷീയാംസം നയനവിരസം നർമ്മസു ജഡം
തവാപാങ്ഗാലോകേ പതിതമനുധാവന്തി ശതശഃ
ഗളദ്വേണീബന്ധാഃ കുചകലശവിസ്രസ്തസിചയാ
ഹഠാത് ത്രുട്യൽകാഞ്ച്യോ വിഗളിതദുകൂലാ യുവതയഃ

വാർദ്ധക്യം ബാധിച്ച കാണാൻ കൊള്ളാത്തവിധം പ്രാകൃതനായവനിൽപ്പോലും നിന്റെ കടാക്ഷം പതിയുന്നതോടെ നൂറുകണക്കിനു സുന്ദരീമണിമാർ കടുത്ത കാമാവേശത്തോടെ തലമുടിയഴിഞ്ഞും കുചപടമുലഞ്ഞും ഉടുപുടവയിഴഞ്ഞും അവനു പിറകേ പാഞ്ഞെത്തുന്നു.

വിരൂപൻ, വൃദ്ധൻ, വാഗ്പടുതകളുമില്ലാത്തവനു നി-
ന്നൊരേ നോട്ടം പോരും തരുണിമണിമാർക്കുള്ളുലയുവാൻ!
കരിങ്കുന്തൽ പാറി,ക്കുചമിടറി, വേഷം ചിതറി, പൊ-
ന്നരഞ്ഞാണും വേറി,ട്ടവനു പിറകേ പാഞ്ഞിടുമവർ!

14

ക്ഷിതൗ ഷട്പഞ്ചാശദ്ദ്വിസമധികപഞ്ചാശദുദകേ
ഹുതാശേ ദ്വാഷഷ്ടിശ്ചതുരധികപഞ്ചാശദനിലേ
ദിവിദ്വിഃഷട്ത്രിംശന്മനസി ച ചതുഷ്ഷഷ്ടിരിതി യേ
മയൂഖാസ്തേഷാമപ്യുപരി തവ പാദാംബുജയുഗം

മൂലത്തിൽ (ഭൂമി) 56, മണിപൂരത്തിൽ (ജലം) 52, സ്വാധിഷ്ഠാനത്തിൽ (അഗ്നി) 62, അനാഹതത്തിൽ (വായു) 54, വിശുദ്ധിയിൽ (ആകാശം) 72, ആജ്ഞാചക്രത്തിൽ (മനസ്സ്) 64 എന്നീ 360 കിരണങ്ങൾക്കു മേലേയുള്ള ബിന്ദുസ്ഥാനത്തു നിന്റെ പാദപത്മങ്ങൾ വിലസുന്നു.

ക്ഷിതിയ്ക്കമ്പത്താറു,ണ്ടതിനു കുറവായ് നാലു ജലവും
ഹുതാശന്നായ് പത്തുണ്ടധികമൊരു പത്തായ് ഗഗനവും
പതിന്നാലും നാലഞ്ചനില,നധികം പത്തു മനമായ്
പതിയ്ക്കുന്നംശുക്കൾക്കുപരി ഗിരിജേ നിൻ പദയുഗം!

15

ശരത്ജ്യോത്സ്നാശുഭ്രാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘുടികാപുസ്തകകരാം
സകൃന്നത്വാ നത്വാ കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാം ഫണിതയഃ

ശരത്കാലനിലാവുപോലെ വെളുത്ത ശരീരത്തോടെ ചന്ദ്രക്കല ചൂടി നാലു കൈകളിൽ വരദാഭയമുദ്രകളും ജപമാലയും പുസ്തകവും ധരിച്ച രൂപത്തിൽ നിന്നെ ധ്യാനിയ്ക്കുന്നവരുടെ വാക്കിനു തേനും പാലും മുന്തിരിരസവും ചേർന്ന മാധുര്യം എങ്ങനെ കൈവരാതിരിയ്ക്കും?

നിലാവായ് നിൻ ദേഹം, ശശികല കിരീടം, കരതല-
ങ്ങളിൽ ഗ്രന്ഥം, ഹാരം, വരദഭയമുദ്രാദികളുമായ്
ഒരിയ്ക്കൽ ചിന്തിയ്ക്കുന്നവനു നറുതേൻ പാൽ മധുരമു-
ന്തിരീസാരം ചേരും വരമൊഴി ലഭിയ്ക്കാതെ വരുമോ?

16

കവീന്ദ്രാണാം ചേതഃ കമലവനബാലാതപരുചിം
ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം
വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീ-
ഗഭീരാഭിർവാഗ്ഭിർ വിദധതി സതാം രഞ്ജനമമീ

കവിമനസ്സിലെ താമരപ്പൊയ്കയ്ക്കു പ്രകാശമരുളുന്ന ബാലാരുണഭാവത്തിൽ 'അരുണ'യെന്ന പേരിൽ നിന്നെ ഭജിയ്ക്കുന്നവർ ബ്രഹ്മപത്നിയായ സരസ്വതിയുടെ നവരസഭരിതവും ഗംഭീരവുമായ വാഗ്വിലാസം കൊണ്ടു സജ്ജനഹൃദയങ്ങളെ സദാ രഞ്ജിപ്പിയ്ക്കുന്നു.

കവിയ്ക്കുള്ളിൽപ്പൂക്കും കമലകുസുമങ്ങൾക്കു തപനോ-
ത്സവോന്മേഷത്തിൽ നിന്നരുണരുചി കാണുന്ന സുകൃതി
കവിത്വത്തിൽ വാണീലയലഹരി വെല്ലുന്ന വരവാഗ്-
പ്രവാഹത്താൽ വിദ്വജ്ജനമനമുണർത്തുന്നു സതതം!

17

സവിത്രീഭിർവാചാം ശശിമണിശിലാഭംഗരുചിഭി:
വശിന്യാദ്യാഭിസ്ത്വാം സഹ ജനനി സഞ്ചിന്തയതി യ:
സ കർത്താ കാവ്യാനാം ഭവതി മഹതാം ഭംഗിരുചിഭി:
വചോഭിർ വാഗ്ദേവീവദനകമലാമോദമധുരൈ:

ചന്ദ്രകാന്തക്കല്ല് മുറിച്ചുവെച്ചതുപോലെ ശോഭയുള്ള വശിനി തുടങ്ങിയ ദേവിമാരുടെകൂടെ വാഗ്ജനനിയായ നിന്നെ ധ്യാനിയ്ക്കുന്നവർ മഹാകവികളുടേതുപോലെ വിശിഷ്ടവും വാണീദേവിയുടെ സൗന്ദര്യംപോലെ മധുരതരവുമായ കാവ്യങ്ങളുടെ കർത്താവായിത്തീരുന്നു.

നിലാക്കൽക്കണ്ടത്തിന്നഴകു വഴിയും മാതൃവശിനീ-
കുലത്തോടും നിന്നെത്തൊഴുതു സുകൃതം നേടിയൊരുവൻ
കലയ്ക്കും കാവ്യാലംകൃതികളുടെ കർത്തൃത്വപദവീ-
നിലയ്ക്കും വാഗ്ദേവീസദൃശത വരിയ്ക്കും -വിജയവും!

18

തനുച്ഛായാഭിസ്തേ തരുണതരണിശ്രീസരണിഭി:
ദിവം സർവാമുർവീമരുണിമനിമഗ്നാം സ്മരതി യ:
ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാ:
സഹോർവശ്യാ വശ്യാ: കതി കതി ന ഗീർവാണഗണികാ:

ബാലാരുണന്റെ പ്രഭയെ അതിശയിയ്ക്കുന്ന ദേഹകാന്തിയോടെ, ഭൂമിയും സ്വർഗവും അരുണനിറം പൂണ്ടതായി മനസ്സിൽ കണ്ടു നിന്നെ ധ്യാനിയ്ക്കുന്നവർക്ക് ഉർവശിയെപ്പോലെ പേടമാനിന്റെ കണ്ണുകളുള്ള സ്വർഗലോകത്തെ നിരവധി തരുണിമാർ വിധേയരായിത്തീരുന്നു.

ഉഷ:ശ്രീ വെല്ലും നിൻ തനു,വുലകിലും വാനിലു,മസാ-
ദൃശം വ്യാപിയ്ക്കുന്നോരരുണനിറമായ് കണ്ട സുകൃതി
വശിത്വത്താൽ മാനേൽമിഴികളുടെ ശാലീനത സദാ
വശത്താക്കും വേശ്യാവരയുവതിയാമുർവശിയെയും!

19

മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധേ
ഹരാർദ്ധം ധ്യായേദ്യോ ഹരമഹിഷി തേ മന്മഥകലാം
സ സദ്യ: സംക്ഷോഭം നയതി വനിതാ ഇത്യതിലഘു:
ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം

മുഖം ബിന്ദുവായി സങ്കൽപ്പിച്ച് തൊട്ടു താഴെ കുചയുഗവും തുടർന്നു ഹരാർദ്ധവുമായി നിന്റെ മന്മഥകലയെ ധ്യാനിക്കുന്ന സുകൃതി, സ്ത്രീക ൾക്കു പെട്ടെന്നു വികാരം ജനിപ്പിക്കുക മാത്രമല്ല, സൂര്യചന്ദ്രന്മാർ സ്തന യുഗങ്ങളായ ജഗന്മാതാവിനെപ്പോലും ഭ്രമിപ്പിക്കുന്നു.

മുഖം ബിന്ദുസ്ഥാനം കുചയുഗളവും യോനി ചുവടായ്
ക്രമത്തിൽ ഗൗരീ നിന്മദനകല ദർശിച്ച സുകൃതി
വികാരാവേശത്തിൽ വനിതകളെ വീഴ്ത്തുന്നുപരി വി-
ഭ്രമിപ്പിക്കും മൂലോകജനനി രവീന്ദുസ്തനിയെയും!

20

കിരന്തീമങ്ഗേഭ്യ: കിരണനികുരാംബാമൃതരസം
ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂർത്തിമിവ യ:
സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ
ജ്വരപ്ളുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ

സ്വന്തം സിരകളിൽനിന്നൊഴുന്ന അമൃതരസം അംഗോപാംഗങ്ങളിൽ വർഷിക്കുന്ന നിന്റെ രൂപത്തെ ഒരു ചന്ദ്രകാന്തപ്രതിമയായി സങ്കൽപ്പി ച്ച ധ്യാനിക്കുന്നവർ ഗരുഡനെപ്പോലെ സർപ്പവിഷബാധ ശമിപ്പിച്ച്, ജ്വ രബാധിതരെ ശീതളകടാക്ഷംകൊണ്ടു സുഖപ്പെടുത്തുന്നു.

തവാംഗങ്ങൾ ചിന്തുന്നമൃതരസമൊന്നാകെയൊരു വെൺ-
നിലാക്കല്ലായുള്ളിൽ ത്വരിതമുരുവാക്കുന്ന സുകൃതി
ശമിപ്പിക്കും സർപ്പക്കലി ഗരുഡനെപ്പോലെ, കുളിരായ്
കടക്കണ്ണാലേകും ജ്വരവിവശനാശ്വാസഗതിയും!

21

തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം
നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം
മഹാപദ്മാടവ്യാം മൃദിതമലമായേന മനസാ
മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം

മൂലാധാരം മുതലുള്ള ചക്രങ്ങൾക്കു മേലേ സഹസ്രദളകമലത്തിൽ സൂര്യാഗ്നിചന്ദ്രന്മാരുടെ തേജസ്സോടെ മിന്നൽക്കൊടിപോലെ തിളങ്ങുന്ന നിന്റെ ബിന്ദുകലയെ മാലിന്യങ്ങളൊഴിഞ്ഞ മനസ്സിൽ സ്വയം കണ്ടു ധ്യാനിക്കുന്ന മഹാത്മാക്കൾ ആനന്ദലഹരി അനുഭവിക്കുന്നു.

ഷഡാധാരങ്ങൾക്കുപരി കമലപ്പൂവനികയിൽ
രവീന്ദുസ്തേജസ്സാർന്നുടലിലിളകും മിന്നലൊളിയായ്
വിരാജിക്കും നിന്നെക്കലിമലമകന്നുള്ള ഹൃദയാ-
ന്തരത്തിൽ ദർശിക്കും സുകൃതി പരമാനന്ദമണവൂ!

22

'ഭവാനി ത്വം ദാസേ മയി വിതര ദൃഷ്ടിം സ കരുണാം'
ഇതി സ്തോതും വാഞ്ഛൻ കഥയതി ഭവാനീത്വമിതി യഃ
തദൈവ ത്വം തസ്മൈ ദിശസി നിജസായൂജ്യപദവീം
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം!

'ഭവാനീ, ഈ ദാസനെ ദയവായി കടാക്ഷിക്കുണ'മെന്നു മനസ്സിൽ കരുതി 'ഭവാനീത്വ'മെന്നു പറയുമ്പോഴേക്കും ഇന്ദ്രനും വിഷ്ണുവും ബ്രഹ്മാവും സദാ കിരീടങ്ങൾകൊണ്ടു നീരാജനം നടത്തുന്ന ആ ചരണസായൂജ്യപദവി നൽകി നീയെന്നെ അനുഗ്രഹിക്കുന്നു.

'ഭവാനീ നിൻ ദാസന്നിവനൊരു ദയാദൃഷ്ടി പതിയാൻ'
'ഭവാനീ'യെന്നോതും നിമിഷമുടനേ നിന്നരികിലായ്
ഭവിക്കുന്നൂ ബ്രഹ്മാദികളുടെ കിരീടാരതികളാൽ
പവിത്രം നിൻപാദത്തളിരിലഭയം മുക്തിപദവും!

23

ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ
ശരീരാർദ്ധം ശംഭോരപരമപി ശങ്കേ ഹൃതമഭൂത്
യദേ തത്ത്വദ്രൂപം സകലമരുണാഭം ത്രിനയനം
കുചാഭ്യാമാനമ്രം കുടിലശശിചൂഡാലമകുടം

ദേഹമാകെ അരുണനിറവും മൂന്നു കണ്ണുകളും ചന്ദ്രക്കല ചൂടിയ കിരീടവുമായി സ്തനഭാരം മൂലം കുനിഞ്ഞ നിന്റെ രൂപം കാണുമ്പോൾ ശിവന്റെ ഇടതുഭാഗം കൈവശപ്പെടുത്തിയതിൽ തൃപ്തി വരാതെ വലതു ഭാഗം കൂടി നീ അപഹരിച്ചതായി ഞാൻ സംശയിക്കുന്നു.

ശിരസ്സിങ്കൽ ചന്ദ്രക്കല, നടുവൊടിയ്ക്കുന്നിരുപയോ-
ധരങ്ങൾ, മുക്കണ്ണ്,ല്ലരുണതനുവും കണ്ടു ഗിരിജേ
ശരീരം ഭർത്താവിന്നിടതിടമെടുത്തിട്ടു മതി കൈ-
വരാതേ കൈയേറ്റോ പരമപരവും, ശങ്കയിതു മേ!

24

ജഗത്സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ
തിരസ്ക്കുർവന്നേതത് സ്വമപി വപുരീശസ്തിരയതി
സദാ പൂർവേ സർവം തദിദമനുഗൃഹ്ണാതി ച ശിവ-
സ്തവാജ്ഞാമാലംബ്യ ക്ഷണചലിതയോർഭ്രൂലതികയോഃ

ബ്രഹ്മാവ് സൃഷ്ടിച്ച ലോകത്തെ വിഷ്ണു സംരക്ഷിയ്ക്കുകയും ശിവൻ സംഹരിയ്ക്കുകയും ചെയ്തുശേഷം ഈശ്വരൻ അവരെ തന്നിൽത്തന്നെ ലയിപ്പിച്ചു സ്വയം മറയുന്നു. തുടർന്നു സദാശിവൻ നിന്റെ ആജ്ഞാനുസരണം അവർ നാലുപേരേയും വീണ്ടും സൃഷ്ടിച്ച് അനുഗ്രഹിയ്ക്കുന്നു.

വിരിഞ്ചൻ സൃഷ്ടിയ്ക്കും ഭുവന,മവനത്തിന്നു ഹരി, സം-
ഹരിയ്ക്കാൻ രുദ്രൻ, മായ്ച്ചുടനെ മറയാനീശ്വരനുമായ്
ചലിയ്ക്കും നിൻ ചില്ലീലതയുടെ നിദേശങ്ങളെ സദാ-
ശിവൻ സാധിയ്ക്കുന്നൂ പുനരവരെ സൃഷ്ടിയ്ക്കുക വഴി!

25

ത്രയാണാം ദേവാനാം ത്രിഗുണജനിതാനാം തവ ശിവേ
ഭവേത് പൂജാ പൂജാ തവ ചരണയോർ യാ വിരചിതാ
തഥാഹി ത്വദ്പാദോദ്വഹനമണിപീഠസ്യ നികടേ
സ്ഥിതാഹ്യേതേ ശശ്വന്മുകുളിതകരോത്തംസമകുടാ:

നിന്റെ മൂന്നു ഗുണങ്ങളിൽനിന്നു ജനിച്ച ത്രിമൂർത്തിമാർ നിന്റെ പാദ പീഠത്തിനു സമീപം കൈരണ്ടും ശിരസ്സിൽ ചേർത്തുവെച്ചു കിങ്കരരായി നിൽക്കുന്നു. അതുകൊണ്ട് ഭക്തന്മാർ നിന്റെ ചരണങ്ങളിൽ സമർപ്പി ക്കുന്ന പൂജകളെല്ലാം അവർക്കുള്ള പൂജകളായും പരിണമിക്കുന്നു.

ഗുണങ്ങൾ നിന്നിൽനിന്നുയിരുടയ മുമ്മൂർത്തിവരരും
കരങ്ങൾ കൂപ്പിക്കൊണ്ടരികിലടിയാട്ടുന്നൊരളവിൽ
നിനക്കായർപ്പിക്കും സകലവിധപൂജാവിധിയുമൊ-
ട്ടവർക്കായ് ചെയ്യുന്നോരുപചരവുമാകുന്നിതഗജേ!

26

വിരിഞ്ചി: പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം
വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം
വിതന്ദ്രീ മാഹേന്ദ്രീവിതതിരപി സമ്മീലിതദൃശാ
മഹാസംഹാരേസ്മിൻ വിഹരതി സതി ത്വദ്പതിരസൗ

ബ്രഹ്മാവ് പഞ്ചഭൂതങ്ങളായി വേർപിരിഞ്ഞു, വിഷ്ണു വിഷയങ്ങളിൽനി ന്നു വിരമിച്ചു, യമനും കുബേരനും മരണമടുത്തു; ഇന്ദ്രനും മനുക്കളും കണ്ണടച്ച് ഉറങ്ങിക്കഴിഞ്ഞു; അങ്ങനെയുള്ള ഈ പ്രളയകാലത്തും നി ന്റെ ഭർത്താവായ ശിവൻമാത്രം ഉത്സാഹപൂർവം വിഹരിക്കുന്നു.

വിരിഞ്ചനഞ്ചായ് വേരറുതി, ഹരി വൈരാഗി, യമനും
മരിക്കാറായ് കാലം, ധനദനുമടുക്കുന്നു നിധനം,
സുരേന്ദ്രന്മാരെല്ലാം മിഴിയിണയടക്കുന്നു, പരമേ-
ശ്വരൻ നിൻകാന്തന്നോ പ്രളയനടുവിൽ താണ്ഡവരസം!

27

ജപോ ജൽപ്പഃ ശിൽപ്പം സകലമപി മുദ്രാവിരചനാ
ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതി വിധിഃ
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപ്പണദൃശാ
സപര്യാ പര്യായസ്തവഭവതു യന്മേ വിലസിതം

ജൽപ്പനങ്ങൾ മന്ത്രങ്ങളായും കൈക്രിയകൾ മുദ്രകളായും സഞ്ചാരം പ്രദക്ഷിണമായും അശനപാനങ്ങൾ ഹോമമായും കിടപ്പു നമസ്കാരമായും ദിവസേന ഞാൻ സ്വന്തം സുഖത്തിനായി ചെയ്യുന്ന ഓരോ കൃത്യവും നിനക്കുള്ള പൂജാവിധികളുടെ പര്യായങ്ങളായി ഭവിയ്ക്കട്ടെ!

ചിലയ്ക്കുമ്പോൾ മന്ത്രം, ക്രിയകളഖിലം മുദ്ര, നടയായ്
വലംവെയ്പ്പാ,ഹാരം ബലിവിധി, യുറക്കം പ്രണമനം
സുഖാർത്ഥം ഞാൻ ചെയ്യും സകലദിനചര്യാചരണവും
ഭവിയ്ക്കട്ടേ, പൂജാപരിചരണപര്യായമയി തേ!

28

സുധാമപ്യാസ്വാദ്യ പ്രതിഭയജരാമൃത്യുഹരിണീ
വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദാഃ
കരാളം യത്ക്ഷ്വേളം കബലിതവതഃ കാലകലനാ
ന ശംഭോസ്തന്മൂലം തവ ജനനി താടങ്കമഹിമാ

ജരാമരണങ്ങൾ ഒഴിവാക്കുന്ന അമൃതു കുടിച്ചിട്ടുപോലും ദേവന്മാർ പ്രളയകാലത്തു മരിയ്ക്കുന്നു. കാളകൂടവിഷം കുടിച്ച ശിവൻ ചിരഞ്ജീവിയായതു പക്ഷേ കാലനിയന്താക്കളായ സൂര്യചന്ദ്രന്മാരെ കാതിലണിയുന്ന നീ വിധവയായി പ്രപഞ്ചതാളം തെറ്റാതിരിയ്ക്കാനാവാം!

ജരാജന്മക്ലേശം സകലമൊഴിവാക്കുന്ന സുധയാ-
ഹരിച്ചിട്ടും ദേവർക്കമരതയൊടുങ്ങുന്നിതൊടുവിൽ
ഹരൻ പക്ഷേ രൂക്ഷം വിഷമമൃതമായുണ്ടു ഫലമോ
ചിരായുഷ്മത്വം, നിൻ രവിശശിമണിക്കാതിലബലം!

29

കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ
കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരി മകുടം
പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം
ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവിജയതേ

ഹരിബ്രഹ്മേന്ദ്രാദികൾ പാദത്തിൽ വീണു നമിയ്ക്കുമ്പോൾ അവിചാരി തമായി വന്ന ശിവനെ കണ്ടെഴുന്നേറ്റ നിന്നോടു 'ബ്രഹ്മാവിനെ ചവിട്ട രുതേ, ഹരിയുടെ കിരീടത്തിൽ തട്ടി കാലിടറരുതേ, ഇന്ദ്രനെ കവച്ചു കടക്കരുതേ' യെന്നുള്ള സഖിമാരുടെ വാക്കുകൾ വിജയിയ്ക്കട്ടെ!

'ചവിട്ടല്ലേ ധാതാവിനെ, ഹരി ധരിയ്ക്കുന്ന മകുട-
ത്തരിപ്പിൽ തെന്നല്ലേ, സുരപതികിരീടം തടയൊലാ!'
തിരിച്ചെത്തും വാമേശ്വരനെ വരവേൽക്കാനുഴറി,യു-
ദ്ധരിയ്ക്കും നിന്നോടായ് കളമൊഴിയുരയ്ക്കുന്നു സഖിമാർ!

30

സ്വദേഹോദ്ഭൂതാഭിഃ ഘൃണിഭിരണിമാദ്യാഭിരഭിതോ
നിഷേവേ നിത്യേ ത്വാം അഹമിതിസദാ ഭാവയതി യഃ
കിമാശ്ചര്യം തസ്യ ത്രിനയനസമൃദ്ധിം തൃണയതോ
മഹാസംവർത്താഗ്നിർ വിരചയതി നീരാജനവിധിം

സ്വന്തം ദേഹത്തിൽനിന്നും ജനിച്ച അണിമാദി ദേവതകളാൽ പരി സേവിതയായ നിന്നെ 'ഞാനെ'ന്നു കരുതി ആരാധിയ്ക്കുന്നവർക്കു ശി വനേക്കാളേറെ ഐശ്വര്യം ലഭിയ്ക്കുകയും പ്രളയാഗ്നി നീരാജനമാ യി അനുഭവപ്പെടുകയും ചെയ്യുന്നതിൽ എന്തത്ഭുതമാണുള്ളത്?

സ്വദേഹത്തിൽനിന്നുള്ളണിമ മുതലായുള്ള സഖിമാർ
സദാ സേവിയ്ക്കും നിന്മഹിമ,യഹമെന്നോർത്തൊരുവനെ
സദാനന്ദൈശ്വര്യം തൃണസദൃശമാക്കി, പ്രളയസു-
പ്രദീപാഗ്നിജ്വാലാരതിയുഴിയിലെന്തുണ്ടതിശയം!

31

ചതുഃഷഷ്ട്യാതന്ത്രൈഃ സകലമതിസന്ധായ ഭുവനം
സ്ഥിതസ്തത്തൽസിദ്ധിപ്രസവപരതന്ത്രൈ പശുപതിഃ
പുനസ്ത്വന്നിർബന്ധാദഖിലപുരുഷാർത്ഥൈകഘടനാ
സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം

ചില പരിമിതസിദ്ധികൾ മാത്രമുള്ള അറുപത്തിനാലു തന്ത്രങ്ങൾ കൊണ്ടു ലോകത്തെ സൃഷ്ടിച്ചു തൃപ്തിയടഞ്ഞ പശുപതി നിന്റെ നിർബന്ധപ്രകാരം സകല പുരുഷാർത്ഥങ്ങളും സാധിക്കുന്നതിനുവേണ്ടി സ്വതന്ത്രമായ ഈ തന്ത്രശാസ്ത്രം ഭൂമിയിൽ അവതരിപ്പിച്ചു.

തരംപോലോരോരോ കഴിവുകളുണർത്തുന്ന വിധമായ്
ഹരൻ സൃഷ്ടിച്ചൂ പണ്ടറുപതിനുമേൽ നാലു കലകൾ
പരം നിൻ നിർബന്ധാദ,ഖിലപുരുഷാർത്ഥങ്ങളുതവായ്
സ്വതന്ത്രം ശ്രീതന്ത്രം ശിവനവതരിപ്പിച്ചു ഭുവനേ!

32

ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ
സ്മരോ ഹംസഃ ശക്രസ്തദനു പരാ മാരഹരയഃ
അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാ
ഭജന്തേ വർണാസ്തേ തവ ജനനി നാമാവയവതാം

ശിവൻ(ക), ശക്തി(ഏ), കാമൻ(ഈ), ക്ഷിതി(ല), രവി(ഹ), ചന്ദ്രൻ (സ), സ്മരൻ(ക), ഹംസം(ഹ), ശക്രൻ(ല), പരാ(സ), മാരൻ(ക), ഹരി(ല) എന്ന ത്രികൂടങ്ങൾക്കൊടുവിൽ ഹ്രീംകാരവും ചേർത്ത പഞ്ചദശാക്ഷരി നിന്റെ സർവായവശരീരമായി സുകൃതികൾ ആരാധിയ്ക്കുന്നു.

ഹരൻ, ശക്തി,ക്കാമൻ, ക്ഷിതി, രവി,ശശാങ്കൻ, മനസിജൻ
പരം ഹംസം, ശക്രൻ, കുസുമശരനും പിന്നെ ഹരിയും
സ്വരം നാലഞ്ചും മൂന്നൊ,ടുവിലൊരു ഹ്രീംകാരസഹിതം
സ്മരിപ്പൂ ശ്രീവിദ്യാക്ഷരമയശരീരം സുകൃതികൾ!

33

സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൗ തവ മനോർ-
നിധായൈകേ നിത്യേ നിരവധി മഹാഭോഗരസികാ:
ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാ:
ശിവാഗ്നൗ ജുഹ്വന്ത: സുരഭിഘൃതധാരാഹുതിശതൈ:

കാമൻ(ഐം), ഭൂമി(ഹ്രീം), ലക്ഷ്മി(ശ്രീം) എന്നിവരുടെ ബീജാക്ഷരങ്ങൾ പഞ്ചദശാക്ഷരീമന്ത്രത്തിന്റെ തുടക്കത്തിൽ ചേർത്തു ഭോഗരസികന്മാരായ ചിലർ ചിന്താമണികളുടെ ജപമാല ധരിച്ച് കാമധേനുവിന്റെ നെയ്യ് ശിവാഗ്നിയിൽ ഹോമിച്ച് നിന്നെ ആരാധിയ്ക്കുന്നു.

പരാനന്ദൗത്സുക്യാൽ ചിലരിവിടെ നിന്മന്ത്രമുഖമായ്
സ്മരൻ, യോനി,ശ്രീയെന്നകതളിരുറപ്പിച്ചു തരസാ
ധരിയ്ക്കുന്നു ചിന്താമണികളുടെ ഹാരം, സുരഭിനെ-
യ്യെരിയ്ക്കുന്നു രുദ്രാനലനിലുപചാരങ്ങളയി തേ!

34

ശരീരം ത്വം ശംഭോ: ശശിമിഹിരവക്ഷോരുഹയുഗം
തവാത്മാനം മന്യേ ഭഗവതി നവാത്മാനമനഘം
അത: ശേഷ: ശേഷീത്യയമുഭയസാധാരണതയാ
സ്ഥിത: സംബന്ധോ വാം സമരസപരാനന്ദപരയോ:

സൂര്യചന്ദ്രന്മാർ കുചങ്ങളായ ശംഭുവിന്റെ ദേഹമാണു നീയെന്നും നിന്റെ രൂപം നവവ്യൂഹാത്മകമായ ശംഭുവിന്റെ ദേഹമാണെന്നും ഞാനറിയുന്നു. അതുകൊണ്ട് ശേഷം, ശേഷി എന്നുള്ള പരസ്പരബന്ധം സമരസപരാനന്ദപരരായ നിങ്ങൾക്കു വളരെ സാധാരണമാണല്ലോ!

ശരീരം കണ്ടാൽ നീ ഹരനുടെ രവീന്ദുസ്തനയുഗ-
സ്വരൂപം, നിന്നുള്ളിൽ തെളിവതു നവാത്മാവുമഗജേ!
പരാനന്ദം പങ്കിട്ടൊരുമയൊടു ചേരുന്നൊരിരുവർ-
ക്കൊരാധാരാധേയപ്രകൃതമതിസാധാരണവുമായ്!

35

മനസ്ത്വം വ്യോമത്വം മരുദസി മരുത്സാരഥിരസി
ത്വമാപഃ ത്വം ഭൂമിം ത്വയി പരിണാതായാ നഹി പരം
ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ
ചിദാനന്ദാകാരം ശിവയുവതിഭാവേന ബിഭൃഷേ

ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചഭൂതങ്ങളും മനസ്സുമുൾപ്പെടെ സകലതും നിന്റെ പരിണതരൂപമല്ലാതെ മററൊന്നല്ല. അങ്ങനെ സ്വന്തം രൂപത്തെ വിവിധങ്ങളായി പരിണമിപ്പിയ്ക്കാനാണ പ്രപഞ്ചാകാരത്തിൽ നീ ശിവയുവതീഭാവം സ്വീകരിച്ചിരിയ്ക്കുന്നത്.

മനം നീ മാനം നീ പവനനമതേ വാരിധി, വിരോ-
ചനൻ നീയേ മണ്ണും സകലപരിണാമപ്രകൃതിയും
തനിച്ചേവം തന്നെത്രിഭുവനി ലയിപ്പിച്ച ശിവമാ-
നിനീഭാവത്തിൽ നീ ചിദനഭവിയായ് വാഴ്‌വു സസുഖം!

36

തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം
പരം ശംഭും വന്ദേ പരിമിലിതപാർശ്വം പരചിതാ
യമാരാദ്ധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ
നിരാലോകേ ലോകേ നിവസതി ഹി ഭാലോകഭുവനേ

മനസ്തത്വത്തിനാധാരമായ ആജ്ഞാചക്രത്തിൽ കോടിസൂര്യചന്ദ്രന്മാരുടെ പ്രഭയോടെ പരചിത്കലയുടെ സമീപത്തിരിയ്ക്കുന്ന ശംഭുവിനെ ആരാധിയ്ക്കുന്നവർ സൂര്യചന്ദ്രാഗ്നികൾക്കു വിഷയീഭവിയ്ക്കാത്ത അദൃശ്യവും വിജനവുമായ ചന്ദ്രികാമയലോകത്തിൽ വസിയ്ക്കുന്നു.

മനോചക്രത്തിൽ നിൻ പതിയെ പരചിദ്രൂപകലയൊ-
ത്തനന്തം സൂര്യേന്ദുപ്രഭ ചൊരിയുമാറുള്ള നിലയിൽ
നിനയ്ക്കുന്നോർ മഞ്ഞും വെയിലുമനലൻപോലുമകലു-
ന്നനാദ്യന്തജ്യോതിസ്സൊഴുകമുലകിൽ വാഴ്‌വു സസുഖം!

37

വിശുദ്ധൗ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം
ശിവം സേവേ ദേവീ ശിവസമാനവ്യവസിതാം
യയോ: കാന്ത്യാ യാന്ത്യാ: ശശികിരണസാരൂപ്യശരണേ:
വിധൂതാന്തർദ്ധ്വാന്താ വിലസതി ചകോരീവ ജഗതീ

ആകാശതത്വത്തിനാധാരമായ വിശുദ്ധിചക്രത്തിൽ സ്ഫടികംപോലെ നിർമ്മലനായ ശിവദേവിമാരെ ഞാൻ ഭജിയ്ക്കുന്നു. അവരുടെ പ്രകാശത്തിൽ അജ്ഞാനാന്ധകാരം ഒഴിഞ്ഞുപോയി ലോകമാകെ, നിലാവു കുടിയ്ക്കുന്ന ചകോരപ്പക്ഷികളെപ്പോലെ, ഉല്ലസിക്കുന്നു.

വിശാലാകാശംപോലതിവിശദനാമീശ്വരനെ നിൻ
വിശുദ്ധീചക്രത്തിൽ പ്രിയതമയുമായ് കണ്ടു തൊഴുവൻ!
പ്രശാന്തേന്ദുസ്തേജസ്സവരുടെ യശസ്സിൽ ജഡതമ-
സ്സശേഷം നീങ്ങുമ്പോൾ പ്രമുദിതചകോരങ്ങളുലകം!

38

സമുന്മീലത് സംവിത്കമലമകരന്ദൈകരസികം
ഭജേ ഹംസദ്വന്ദ്വം കിമപി മഹതാം മാനസചരം
യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതി:
യദാദത്തേ ദോഷാദ് ഗുണമഖിലമദ്ഭ്യ: പയ ഇവ

വായുതത്വമായ അനാഹതചക്രത്തിൽ വിടരുന്ന താമരയുടെ പൂന്തേനാസ്വദിച്ച മഹാത്മാക്കളുടെ മാനസസരസ്സിൽ സഞ്ചരിയ്ക്കുന്ന ഹംസമിഥുനങ്ങളുടെ ഗാനങ്ങളിൽനിന്നും, പാലിൽനിന്നു ജലമെന്നപോലെ ഗുണദോഷങ്ങൾ വേർപിരിഞ്ഞു പതിനെട്ടു വിദ്യകളുണ്ടാകുന്നു.

പരാംഭോജപ്പൂന്തേൻ നുണയുവതിനായ് സജ്ജനമനോ-
സരസ്സിൽ ക്രീഡിയ്ക്കും യുവമിഥുനഹംസങ്ങളെ സദാ
സ്മരിയ്ക്കുന്നേൻ; പാലും ജലവുമതുപോൽ ദോഷഗുണവി-
സ്തരം ചെയ്യും മൂവാറ,റിവിനുറവായ് മാറി, യവരും!

39

തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം
തമീഡേ സംവർത്തം ജനനി മഹതീം താം ച സമയാത്
യദാലോകേ ലോകാൻ ദഹതി മഹതി ക്രോധകലിതേ
ദയാർദ്രാ യാ ദൃഷ്ടിഃ ശിശിരമുപചാരം രചയതി

അഗ്നിതത്വമായ സ്വാധിഷ്ഠാനചക്രത്തിൽ വിഹരിയ്ക്കുന്ന പ്രളയാഗ്നി യായ രുദ്രനേയും തൊട്ടടുത്തു 'സമയാ'രൂപിണിയായ നിന്നേയും ഞാ ൻ സ്മരിയ്ക്കുന്നു. രുദ്രന്റെ ക്രോധദൃഷ്ടി ലോകം മുഴുവൻ ചുട്ടെരിയ്ക്കുമ്പോൾ ദയാപൂർണമായ നിന്റെ കടാക്ഷം ശിശിരമഴയായി പെയ്യുന്നു.

സ്മരിയ്ക്കുന്നേൻ കൽപ്പാന്തകനെ, സമയാരൂപിണിയുമായ്
സ്ഥിരം സ്വാധിഷ്ഠാനത്തമരുമെരിതീയായ ശിവനെ!
ഹരക്രോധത്തീയാലുലകമഖിലം വെന്തുരുകവേ
പരപ്രേമാർദ്രാ നിൻ കരുണമിഴി പെയ്യുന്ന മഴയായ്!

40

തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ
സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം
തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം
നിഷേവേ വർഷന്തം ഹരമിഹിരതപ്തം ത്രിഭുവനം

ജലതത്വമായ മണിപൂരചക്രത്തിൽ ഇരുളകറ്റുന്ന മിന്നലിന്റെ സഹാ യത്തോടെ ഇന്ദ്രധനുസ്സു ധരിച്ച് പ്രളയാഗ്നിയിൽ വെന്തുരുകിയ ലോ കങ്ങളെ ശിശിരമഴകൊണ്ടു വീണ്ടെടുക്കാൻ കരുണാപൂർവം പ്രത്യ ക്ഷപ്പെടുന്ന ശ്യാമമേഘരൂപിയായ നിന്നെ ഞാൻ സേവിയ്ക്കുന്നു.

പരക്കും കൂരാക്കൂരിരുളിലൊരു മിന്നൽക്കലികയായ്
സ്ഫുരിക്കും രത്നങ്ങൾക്കിടയിലുലയുന്നിന്ദ്രധനുവായ്
ഹരാഗ്നിച്ചൂടിൽ വെന്തുരുകിയ ജഗത്തിന്നു കുളിരായ്
വരും നീ കോടക്കാർവടിവു മണിപൂരത്തിലലിവായ്!

41

തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ
നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം
ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ
സനാഥാഭ്യാം ജജ്ഞേ ജനകജനനീമജ്ജഗദിദം

മഹീതത്വമായ മൂലാധാരത്തിൽ ലാസ്യപരയായ 'സമയ'യോടുകൂടി നവരസതാണ്ഡവം നടത്തുന്ന രുദ്രനെ ഞാൻ ധ്യാനിയ്ക്കുന്നു. പ്രളയത്തിൽ നശിച്ച പ്രപഞ്ചത്തിന്റെ പുനരുൽപ്പത്തിയ്ക്കായി ഒന്നിച്ച അവരെക്കൊണ്ട് ലോകത്തിനു മാതാപിതാക്കളുടെ സനാഥത്വമുണ്ടായി.

നവാത്മാവാം രുദ്രൻ നവരസനടം ചെയ്യുവതിനു-
ള്ളരങ്ങായ് നിൻ മൂലം, സമയവതി ലാസ്യാനുചരയും!
പരപ്രേമാർദ്രം ചേർന്നിരുവരുലകോൽപ്പത്തിവിധിയാ-
ചരിയ്ക്കുമ്പോൾ ലോകം ജനകജനനീരക്ഷയിലുമായ്!

42

ഗതൈർമാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം
കിരീടം തേ ഹൈമം ഹിമഗിരിസുതേ കീർത്തയതി യഃ
സ നീഡേ യച്ഛായാച്ഛുരണശബലം ചന്ദ്രശകലം
ധനുഃ ശൗനാസീരം കിമിതി ന നിബധ്നാതി ധിഷണാം

ഹിമവത്പുത്രിയായ ദേവീ, സൂര്യചന്ദ്രനക്ഷത്രാദികൾ മാണിക്യമണികളായി തിളങ്ങുന്ന നിന്റെ കിരീടത്തിന്റെ മഹിമ വർണിയ്ക്കുന്ന കവിയുടെ ഭാവനയിൽ ആ രത്നങ്ങളുടെ പ്രതിച്ഛായ നിഴലിയ്ക്കുന്ന ചന്ദ്രക്കല എന്തുകൊണ്ടാണൊരു മഴവില്ലായി തോന്നാതിരുന്നത്?

ഇരാറാദിത്യന്മാരൊരുമയൊടിരിയ്ക്കുന്ന കനക-
ക്കിരീടത്തിൻ കാന്തിപ്രചുരിമ പുകഴ്ത്തുന്നൊരു കവി
ശിരസ്സിൽ ബിംബിയ്ക്കും ബഹുശബളചന്ദ്രക്കലയെ മ-
റ്റൊരൈന്ദ്രം വില്ലെന്നെന്തതിശയമുണർത്താഞ്ഞതഗജേ?

43

ധുനോതു ധ്വാന്തം ന സ്തുലിതദലിതേന്ദീവരവനം
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ
യദീയം സൗരഭ്യം സഹജമുപലബ്ധും സുമനസോ
വസന്തസ്മിൻ മന്യേ വലമഥനവാടീവിടപിനാം

കരിംകുവളപ്പൂപോലെ ഇടതൂർന്ന സ്നിഗ്ദ്ധവും മാർദ്ദവവുമാർന്ന നിന്റെ തലമുടി ഞങ്ങളുടെ അജ്ഞാനാന്ധകാരം നശിപ്പിയ്ക്കട്ടെ! ആ തലമുടിയുടെ സഹജമായ സൗരഭ്യം നുകരാനാണ കൽപ്പതരുവിന്റെ പൂക്കൾ നിന്റെ മുടിയിൽ വന്നിരിയ്ക്കുന്നതെന്നു ഞാൻ കരുതുന്നു.

തഴച്ചാർത്തും നീലോത്പലസമവുമായുള്ള മുടിയി-
ന്നൊഴിയ്ക്കാവൂ ഞങ്ങൾക്കകതിമിരമാര്യേ; സഹജമായ്
പൊഴിയ്ക്കും സൗരഭ്യാമൃതു നുകരുവാൻ കൽപ്പതരു വി-
ട്ടുഴന്നെത്തും പൂക്കൾക്കഭയപദമായ് നിന്റെ ചികുരം!

44

തനോതു ക്ഷേമം നഃ തവ വദനസൗന്ദര്യലഹരീ
പരീവാഹസ്രോതഃ സരണിരിവ സീമന്തസരണിഃ
വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-
ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണാം

കാർമേഘങ്ങൾക്കിടയിൽപ്പെട്ടു പുറത്തിറങ്ങാൻ പണിപ്പെടുന്ന ഉദയസൂര്യനെപ്പോലെ നിന്റെ അതിശയകരമായ മുഖകാന്തി വഴിഞ്ഞൊഴുകാനുള്ള മാർഗമായി മുടിയിഴകൾ വകഞ്ഞു മാറ്റി സിന്ദൂരക്കുറി തൊട്ട സുന്ദരമായ സീമന്തരേഖ ഞങ്ങൾക്കു ക്ഷേമം നൽകട്ടെ!

തരാവൂ സൗഖ്യം നിന്മുഖസഹജസൗന്ദര്യലഹരീ-
സരിത്തായ് സീമന്തം വഴിയൊഴുകി നീളുന്ന വഴി; നീ
ധരിയ്ക്കും സിന്ദൂരത്തൊടുകുറി,യിരുണ്ടാർത്ത മുടിയാ-
മരിക്കൂട്ടം പൊട്ടിച്ചുയരുമരുണാർക്കന്റെ കിരണം!

45

അരാലൈഃ സ്വാഭാവ്യാദളികലികസശ്രീഭിരളകൈഃ
പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം
ദരസ്മേരേ യസ്മിൻ ദശനരുചി കിഞ്ജൽക്കരുചിരേ
സുഗന്ധൗ മാദ്യന്തി സ്മരദഹനചക്ഷുർമധുലിഹാഃ

പ്രകൃത്യാതന്നെ വണ്ടിന്റെ നിറത്തിൽ വളഞ്ഞ കുറുനിരകൊണ്ട് അതിരിട്ട നിന്റെ മുഖം താമരപ്പൂവിന്റെ സൗന്ദര്യത്തെ പരിഹസിക്കുന്നതുപോലെ, ഇതളുകളുടെ ദന്തകാന്തികൊണ്ടു കാമദഹനനായ പരമശിവന്റെ കണ്ണുകളായ വണ്ടുകൾക്കു സദാ സുഖമേകുന്നു.

വളഞ്ഞും വണ്ടിൻചാർത്തണിയുമളകങ്ങൾക്കു നടുവിൽ
തിളങ്ങും നിൻവക്ത്രം വനജരുചി വെല്ലുന്നതതിനാൽ
തെളിഞ്ഞേറും മന്ദസ്മിതവദനവും ഗന്ധരസവും
വളർത്തുന്നു ശംഭ്രുനയനമധുപങ്ങൾക്കു കുതുകം!

46

ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യ-
ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം
വിപര്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ
സുധാലേപസ്യൂതിഃ പരിണമതി രാകാ ഹിമകരഃ

ലാവണ്യത്തോടെ ശോഭിക്കുന്ന നിന്റെ നെറ്റിത്തടം കിരീടത്തിൽ ഘടിപ്പിച്ച മറ്റൊരു ചന്ദ്രക്കലയെന്നപോലെ, തിരിച്ചു മേലോട്ടു വെച്ചാൽ രണ്ടും ചേർന്നു പൂർണചന്ദ്രനെപ്പോലെ തോന്നിക്കുന്ന മുഖകാന്തി മൂലം നാലുപാടും സുധാധാര പൊഴിക്കുന്നതുപോലെ കാണപ്പെടുന്നു.

കിരീടത്തിൽ കാണുന്നൊരു ശശികലത്തെല്ലിനെയുദാ-
ഹരിക്കും നിൻനെറ്റിത്തടമധികലാവണ്യസുഷമം
തിരിച്ചൊന്നിച്ചിട്ടാലവികലശരത്ചന്ദ്രവടിവായ്
ചുരത്തും പീയൂഷപ്രകരകിരണങ്ങൾ ഗിരിസുതേ!

47

ഭ്രുവൗ ഭുഗ്നേ കിഞ്ചിത് ഭുവനഭയഭംഗവ്യസനിനി
ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം
ധനുർമന്യേ സവ്യേതരകരഗൃഹീതം രതിപതേഃ
പ്രകോഷ്ഠേ മുഷ്ടൗ ച സ്ഥഗയതി നിഗൂഢാന്തരമുമേ!

ഭവത്രാതയായ ദേവീ, നിന്റെ അൽപ്പം വളഞ്ഞ പുരികക്കൊടികൾ, കാമദേവൻ വണ്ടിന്റെ നിറമുള്ള കണ്ണുകളായ ഞാണിന്മേൽ സ്വന്തം മണിബന്ധവും മുഷ്ടിയും മറയത്തക്കവണ്ണം, വലതുകൈകൊണ്ടു വലിച്ചു പിടിച്ച ഒരു പൂവില്ലാണെന്നു ഞാൻ വിചാരിക്കുന്നു.

ഭവത്രാതേ നിൻനീൾമിഴികളിലളീവൃന്ദരുചിയാൽ
ഭവിക്കും ഞാണിന്മേലിളകി വളയും ചില്ലിലതകൾ
ഇടംകൈയാൽ കൈത്തണ്ടിട മറയുമാറാഞ്ഞു മദനൻ
തൊടുക്കും പൂവില്ലെന്നൊരുനിമിഷമോർക്കുന്നു ഹൃദി ഞാൻ!

48

അഹഃ സൂതേ സവ്യം തവ നയനമർക്കാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീ നായകതയാ
തൃതീയാ തേ ദൃഷ്ടിർദരദലിതഹേമാംബുജരുചിഃ
സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരീം

സൂര്യാത്മകമായ നിന്റെ വലതുകണ്ണിൽനിന്നു പകലും ചന്ദ്രാത്മകമായ ഇടതുകണ്ണിൽനിന്നു രാവും ജനിക്കുന്നു. കനകാഭമായ താമരയുടെ കാന്തിയോടെ വിടരുന്ന മൂന്നാംകണ്ണിൽനിന്നു പകലിരവുകൾക്കിടയിലുള്ള പാടലവർണമായ സന്ധ്യകളും ജനിക്കുന്നു.

ഇടംകണ്ണിന്നിന്ദുപ്രകരമിരവായും വലതു കൺ-
തടത്തിന്നർക്കത്വം നിറപകലുമായ് തീർത്തതിനുമേൽ
വിടർത്തുന്നൂ ചെന്താമരരുചിയുമായന്തിസമയ-
ത്തുടിപ്പേറും മൂന്നാം നയനവുമുഷഃസന്ധ്യകളിൽ നീ!

49

വിശാലാ കല്യാണീ സ്ഫുടരുചിരയോദ്ധ്യാ കുവലയൈ:
കൃപാധാരാധാരാ കിമപി മധുരാഭോഗവതികാ
അവന്തീ ദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ

'വിശാല', 'കല്യാണി', 'അയോദ്ധ്യ', 'മധുര', 'ധാര', 'ഭോഗവതി', 'അവന്തി', 'വിജയ', എന്നിങ്ങനെ ഓരോ നഗരത്തിന്റേയും പേരിനു തീർത്തും യോജിച്ച പര്യായങ്ങളായി നിന്റെ മനോഹരങ്ങളായ കണ്ണുകൾ വിവിധാർത്ഥദ്യോതകങ്ങളായി വിജയിച്ചരുളുന്നു.

വിശാലാ,കല്യാണീ,വിജയ,മധുരാ,ഭോഗവതി,യീ-
ദൃശം പേരോരോന്നിന്നനുഗുണപദാർത്ഥത്തികവുമായ്
വിശാലാക്ഷീ, നിന്നായതമിഴികളിൽ കാണ്മു മഹിമാ-
ദൃശം ധാരാ,വന്തീജനപദ,മയോദ്ധ്യാനഗരികൾ!

50

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകലഭൗ കർണയുഗളം
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരലാ-
വസൂയാസംസർഗാദളികനയനം കിഞ്ചിദരുണം

കവിതയുടെ പൂന്തേൻ രുചിക്കുന്ന കണ്ണുകളാകുന്ന രണ്ടു ചെറുവണ്ടുകൾ, കവിതയിലെ രസാസ്വാദനത്തിൽ കൗതുകം പൂണ്ട ചെവികളുടെ അടുത്തു ചെന്നു കൂടിയിരിക്കുന്നതുകണ്ട് അവരോടുള്ള അസൂയ മൂലം നിന്റെ മൂന്നാം കണ്ണു കലങ്ങി അരുണവർണമായിരിക്കുന്നു.

കവിത്വം രൂകം രൂമലരിതളിലെത്തേൻ നുകരുവാൻ
ചെവിക്കുള്ളിൽ വണ്ടായിരുമിഴികളും ചേർന്നു കുതുകം
നവീനസ്വാരസ്യാസ്വദനരതരായ് കണ്ടു വിരസം
ചുവക്കുന്നൽപ്പം നിൻ നിടിലമിഴിയീർഷ്യാകലുഷിതം!

51

ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സനപരാ
സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ
ഹരാഹിഭ്യോ ഭീതാ സരസിരുഹസൗഭാഗ്യജനനീ
സഖീഷു സ്മേരാ തേ മയി വിതര ദൃഷ്ടിഃ സ കരുണാ

താമരപ്പൂവിനുപോലും സൗന്ദര്യം പകരുന്ന നിന്റെ കണ്ണുകൾ ശിവനിൽ ശൃംഗാരാർദ്രതയും മററുള്ളവരിൽ നിന്ദയും സപത്നിയായ ഗംഗയിൽ കോപവും ഗിരിശകഥകളിൽ വിസ്മയവും സർപ്പങ്ങളിൽ ഭയവും സഖികളിൽ പുഞ്ചിരിയും എന്നിൽ കാരുണ്യവുമുള്ളതായിത്തീരട്ടെ!

ശിവങ്കൽ ശൃംഗാരം, വിരസമപരം, ഗംഗയുടെ നേർ-
ക്കധിക്ഷേപം, വീണ്ടും ഗിരിശകഥയിൽ വിസ്മയരസം
ശിവാംഗത്തിൽ നാഗങ്ങളിലതിഭയം, തോഴികളില-
ത്തുതാഹ്ലാദം, കണ്ണാൽ ചൊരിയുകിവനിൽ ദീനദയ നീ!

52

ഗതേ കർണാഭ്യർണം ഗരുത ഇതി പക്ഷ്മാണി ദധതീ
പുരാം ഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ
ഇമേ നേത്രേ ഗോത്രാധരപതി കുലോത്തംസകലികേ
തവാകർണാകൃഷ്ടസ്മരശരവിലാസം കലയതഃ

ഹിമവാന്റെ കുലത്തിലെ പൂമുകുളമായ ദേവീ, നിന്റെ നീണ്ട കണ്ണുകൾ, ശരങ്ങൾക്കു പിന്നിൽ ചേർത്ത പരുന്തിൻതൂവൽപോലുള്ള പീലികളോടെ ത്രിപുരാന്തകന്റെ മനസ്സിലെ ശാന്തത നശിപ്പിക്കുന്നവിധം കാതോളം വലിച്ചു പിടിച്ച കാമബാണംപോലെ വിലസുന്നു.

പരുന്തിൻപീലിക്കണ്ണിമകളിരുകാതോളമണയാ-
നൊരുങ്ങും നിൻ നീലായതനയനലീലാവികൃതികൾ
ഹരന്നുള്ളോരന്തർമ്മുഖതയുടെ നേർക്കാഞ്ഞു മദമ-
ത്സരാൽ മാരൻ പെയ്യും ശരനികരമായ്ത്തീർന്നു ഗിരിജേ!

53

വിഭക്തത്രൈവർണ്യം വ്യതികരിതലീലാഞ്ജനതയാ
വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ
പുനഃ സ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ
രജഃ സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ

ഈശാനദയിതയായ ദേവീ, മൂന്നു നിറങ്ങളിൽ വേർതിരിച്ചറിയാവുന്നവിധം അഞ്ജനമെഴുതിയ നിന്റെ മൂന്നു കണ്ണുകളും കാലവശഗരായ ത്രിമൂർത്തികളെ വീണ്ടും ജനിപ്പിയ്ക്കുന്നതിനുള്ള ത്രിഗുണങ്ങളെ യഥാവിധി ധരിച്ചിരിയ്ക്കുകയാണെന്ന തരത്തിൽ പരിശോഭിയ്ക്കുന്നു.

മുറയ്ക്കോരോ മൂർത്തീവരരുണരവേ ശോണിതസിത-
ക്കറുപ്പിൻ ഭാവങ്ങൾ പകരുവതിനെന്നും കരുതലായ്
നിറയ്ക്കുന്നു വർണോജ്ജ്വലശബളമായ് നീ മിഴികളിൽ
നിറം മൂന്നായ് വേറിട്ടെഴുതിയ മഷിക്കൂട്ടുകളുമേ!

54

പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ
ദയാമിത്രൈർനേത്രൈരരുണധവളശ്യാമരുചിഭിഃ
നദഃ ശോണോ ഗംഗാ തപനതനയേതി ധ്രുവമമും
ത്രയാണാം തീർത്ഥാനാമുപനയസി സംഭേദമനഘം

പശുപതിപതിയായ ദേവീ, ചുവന്നും വെളുത്തും കറുത്തും കാണപ്പെടുന്ന നിന്റെ കരുണാപൂർണമായ കണ്ണുകൾ ഞങ്ങളുടെ മനസ്സു ശുദ്ധീകരിയ്ക്കാനുള്ള തീർത്ഥജലമുൾക്കൊള്ളുന്നവിധം ശോണ, ഗംഗ, യമുന എന്നീ നദികളുടെ സംഗമസ്ഥാനമായി മാറിയിരിയ്ക്കുന്നു.

സരിത്പുണ്യം ഗംഗാവരയമുനയും ശോണയുമൊരേ
വരസ്ഥാനത്തൊന്നിച്ചരുണധവളശ്യാമരുചിയായ്
സ്ഫുരിയ്ക്കും നിൻനേത്രങ്ങളിലെ കരുണാവാരി വിമലീ-
കരിയ്ക്കാവൂ ഞങ്ങൾക്കകമലമശേഷം ഗിരിസുതേ!

55

നിമേഷോന്മേഷാഭ്യാം പ്രളയമുദയം യാതി ജഗതീ
തവേത്യാഹു: സന്തോ ധരണിധരരാജന്യതനയേ
ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രളയത:
പരിത്രാതും ശങ്കേ പരിഹൃത നിമേഷാസ്തവദൃശ:

ഹിമവത്പുത്രിയായ ദേവീ, നീ കണ്ണുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുമ്പോൾ ലോകം ജനിയ്ക്കുകയും നശിയ്ക്കുകയും ചെയ്യുമെന്നു വിദ്വാന്മാർ പറയുന്നു. അങ്ങനെയുണ്ടായ ഈ ലോകം നശിയ്ക്കാതിരിയ്ക്കാനാണു നീ ഒരിയ്ക്കലും കണ്ണു ചിമ്മാത്തതെന്നു ഞാൻ കരുതുന്നു.

കുറിയ്ക്കും നീ ലോകപ്രളയമുദയം കണ്ണിമ തുറ-
ന്നിറുക്കും മട്ടെന്നായ് പറവതറിവുള്ളോർ ഗിരിസുതേ!
തുറന്നപ്പോളുണ്ടായവനിയവനം ചെയ്യുവതിനോ
നിറക്കണ്ണായെന്നും കഴിവതനിമേഷം നിശയിൽ നീ?

56

തവാപർണേ കർണേജപനയനപൈശുന്യചകിതാ
നിലീയന്തേ തോയേ നിയതമനിമേഷാ: ശഫരികാ:
ഇയം ച ശ്രീർബദ്ധഛദപുടകവാടം കുവലയം
ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി

അപർണേ, നിന്റെ കണ്ണുകൾ തങ്ങളെക്കുറിച്ച് ചെവികളോട് ഏഷണി പറയുമെന്നു പേടിച്ച പെൺമത്സ്യങ്ങൾ ഇമചിമ്മാതെ വെള്ളത്തിൽ ഒളിച്ചുകിടക്കുന്നു. പ്രഭാതത്തിൽ താമരപ്പൂവിതളിന്റെ കവാടം തുറക്കുന്ന ലക്ഷ്മി നിന്റെ കണ്ണിൽ പ്രവേശിച്ചു രാത്രി തിരിച്ചു പോകുന്നു.

അപർണേ നിൻകാതിൽ കടമിഴിമൊഴിയ്ക്കുള്ളൊരഴലേ-
റ്റൊളിച്ചു മത്സ്യങ്ങൾ മിഴികളിമചിമ്മാതെ നദിയിൽ!
ഉഷസ്സിൽ ശ്രീ ചെന്താമരദളപുടം വിട്ടു പുറമേ-
യ്ക്കിറങ്ങും തങ്ങും നിൻ മിഴിയിലിരവിൽ വീണ്ടുമണയാൻ!

57

ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോത്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ
അനേനായം ധന്യോർഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ

നീലത്താമരപ്പൂപോലെ നീണ്ട കണ്ണുകൾകൊണ്ടുള്ള നിന്റെ കടാക്ഷം ദൂരത്തിരിയ്ക്കുന്ന ദീനനായ എന്നെ ധന്യനാക്കിയിരിയ്ക്കുന്നു! കാട്ടിലും കൊട്ടാരത്തിലും ഒരുപോലെ നിലാവു പൊഴിയ്ക്കുന്ന ചന്ദ്രനെപ്പോലെ നിനക്കതുകൊണ്ടു പ്രത്യേകിച്ചു യാതൊരു നഷ്ടവുമുണ്ടാകാനില്ല.

അടുത്തില്ലെന്നാലും കുവലയമിഴിക്കോണിലെ നിലാ-
ക്കടാക്ഷംകൊണ്ടെന്നിൽ കരുണ ചൊരിയാവൂ ഗിരിസുതേ!
കടപ്പാടുണ്ടെന്നാലൊരു കുറവുമില്ലിന്നു തവ, ദുർ-
ഘടം കാടും കൊട്ടാരവുമൊരു നിലാവിന്റെ നിറവിൽ!

58

അരാലം തേ പാലീയുഗലമഗരാജന്യതനയേ
ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം
തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസ-
ന്നപാംഗവ്യാസംഗോ ദധതി ശരസന്ധാനധിഷണാം

നിന്റെ കണ്ണിനും കാതിനുമിടയ്ക്കുള്ള പാലീയുഗലത്തിന്റെ മനോഹാരിത കണ്ടാൽ കാമദേവന്റെ വില്ലാണെന്ന ശങ്ക ആർക്കാണുണ്ടാകാത്തത്? മാത്രമല്ല, കർണപഥത്തിനു വിലങ്ങനെയുള്ള കടാക്ഷം കാമൻ അമ്പു തൊടുത്തിരിയ്ക്കുകയാണെന്ന തോന്നലുമുളവാക്കുന്നുണ്ട്.

വളഞ്ഞേറും പാളീയിണകളവ മാരന്റെ മഹിതം
വളർവില്ലെന്നാരും കരുതുമഗരാജന്റെ മകളേ!
വിലങ്ങത്തിൽ കൈയേറ്റിരുചെവികളേയും മറി കട-
ന്നലയ്ക്കും നോട്ടങ്ങൾ മദനശരമെന്നും കരുതുവൻ!

59

സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗളം
ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം
യമാരുഹ്യ ദ്രുഹ്യത്യവനിരഥമർക്കേന്ദുചരണം
മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ

ചെവിയിലെ വളയങ്ങൾ കവിൾത്തടത്തിൽ പ്രതിഫലിയ്ക്കുന്ന നിന്റെ മുഖം നാലു ചക്രങ്ങളുള്ള കാമരഥമാണെന്നു ഞാൻ കരുതുന്നു. ആ രഥത്തിലാണു കാമദേവൻ സൂര്യചന്ദ്രന്മാരാകുന്ന ചക്രങ്ങളോടെ ഭൂരഥത്തിൽ കയറി വരുന്ന ഭൂതനാഥനായ ശിവനെ എതിരിടുന്നത്.

തിളങ്ങും കണ്ണാടിക്കവിളുകളുരുൾക്കാതിലകളെ-
ത്തെളിയ്ക്കുന്നേരം നിൻ വദനരഥമേറുന്ന മദനൻ
തിളയ്ക്കും കോപത്തോടവനിരഥമർക്കേന്ദുവ്യരുളായ്
തെളിച്ചെത്തും കാലാന്തകനെ നിഹനിയ്ക്കാൻ ഗിരിസുതേ!

60

സരസ്വത്യാഃ സൂക്തീരമൃതലഹരീ കൗശലഹരീഃ
പിബന്ത്യാഃ ശർവാണി ശ്രവണചുളുകാഭ്യാമവിരളം
ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ
ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ

അമൃതിന്റെ ലഹരിയെ വെല്ലുന്ന നിന്റെ വാക്കുകൾ കാതുകളാകുന്ന കുടന്നകളിലേറ്റു പാനം ചെയ്യുന്ന സരസ്വതി, ആ സ്വരമാധുര്യത്തെ ശ്ലാഘിച്ചു ശിരസ്സിളക്കുമ്പോളുണ്ടാകുന്ന കുണ്ഡലങ്ങളുടെ കിലുകിലുക്കം നിന്നോടു മറുപടി പറയുകയാണെന്ന തോന്നലുളവാക്കുന്നു.

ശിവേ തേഞ്ചോരും നിന്മൊഴി മദമൊഴിയ്ക്കുന്നൊരമൃതായ്
ചെവിക്കുമ്പിൾക്കൊള്ളും കവിജനനിയാസ്വാദനരസാൽ
കവിത്വം വാഴ്ത്തിക്കൊണ്ടുടലിളകവേ കാതിലവളാ-
രവത്തിൽ കേൾക്കുന്നു മറുമൊഴികളായ് മംഗളപദം!

61

അസൗ നാസാവംശസ്തുഹിനഗിരിവംശധ്വജപടീ
ത്വദീയോ നേദീയ: ഫലതുഫലമസ്മാകമുചിതം
വഹത്യന്തർമുക്താ: ശിശിരകരനിശ്വാസഗലിതം
സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധര:

ഹിമാലയകുലത്തിനു കൊടിക്കൂറയായ ദേവീ, ഉള്ളിൽനിന്നു വരുന്ന ശിശിരകരനായ ചന്ദ്രന്റെ ശീതളനിശ്വാസത്തിൽ സമൃദ്ധമായ മുത്തു മണികളിൽ പുറത്തേയ്ക്കു വീണതൊരു ആഭരണമാക്കിയ നിന്റെ നാസികയാകുന്ന മുളന്തണ്ട് ഞങ്ങൾക്കുചിതമായ ഫലം തരട്ടെ!

മുളന്തണ്ടായ് മൂക്കിന്നറയിലുറയുന്നോരു പവിഴ-
ങ്ങളിൽ സ്വൽപ്പം ശ്വാസോച്ഛ്വസിതവഴിയേ വന്നു വെളിയിൽ
തിളങ്ങും മൂക്കുത്തിപ്രഭ,യുചിതമായുള്ള വിഭവ-
ങ്ങളാലെന്നും ഞങ്ങൾക്കരുളുക ശുഭം ശൈലതനയേ!

62

പ്രകൃത്യാ രക്തായാസ്തവ സുദതി ദന്തച്ഛദരുചേ
പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ
ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം
തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ

സഹജമായ ചുവപ്പുരാശി കലർന്ന നിന്റെ ചുണ്ടുകൾക്കു പവിഴക്കൊടിയുടെ പഴത്തിനുമാത്രമേ തുല്യത പറയാൻ കഴിയൂ. പക്ഷേ, താരതമ്യം ചിന്തിയ്ക്കുമ്പോൾ നിന്റെ ചുണ്ടുകളുടെ പ്രതിബിംബം മാത്രമായ ആ ബിംബഫലത്തിനു സ്വയമെങ്ങനെ ലജ്ജ തോന്നാതിരിയ്ക്കും?

തുടക്കും നിൻ ചുണ്ടിന്നുപമ പറയാനൊന്നു പവിഴ-
ക്കൊടിക്കയ്യിൽ കായ്ക്കും മധുരഫലമല്ലോ ഗിരിസുതേ
പടുത്വത്തിൽ ചുണ്ടിന്നൊരു നിഴലുപോലുള്ള ഫലമീ-
യടുപ്പത്തിൽ ലജ്ജാവനതമുഖിയാകാതെ വരുമോ?

63

സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം
ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ
അതസ്തേ ശീതാംശോരമൃതലഹരീമാമ്ലരുചയഃ
പിബന്തി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ജികധിയാ

നിന്റെ മുഖമാകുന്ന ചന്ദ്രൻ പെയ്യുന്ന പുഞ്ചിരിനിലാവു പാനം ചെയ്ത ചകോരപ്പക്ഷികൾ ആ മാധുര്യംമൂലം നാവു മരവിച്ച് പുളിരസത്തോടു കൊതിയുള്ളവരായി രാത്രിയിലെ സുഖശീതളമായ ചന്ദ്രികയെ കാടി വെള്ളമെന്നു കരുതി മരുന്നുപോലെ വീണ്ടും വീണ്ടും കുടിയ്ക്കുന്നു.

ഭവാനീ നിന്മന്ദസ്മിതനറുനിലാവിന്റെ മധുരാ-
സവം സേവിച്ചുള്ളൊന്നുഴറിയ ചകോരങ്ങളിരവിൽ
കവിൾക്കൊള്ളും കാടീമലിനജലഭാവേന പുളിയാ-
സവം, ശീതാംശുക്കൾ ചിതറിയ നിലാച്ചന്ദനരസം!

64

അവിശ്രാന്തം പത്യുർഗുണഗണകഥാമ്രേഡനജപാ
ജപാപുഷ്പച്ഛായാ തവ ജനനി ജിഹ്വാ ജയതി സാ
യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ
സരസ്വത്യാഃ മൂർത്തിം പരിണമയതി മാണിക്യവപുഷാ

സദാ വിശ്രമമില്ലാതെ ഭർത്താവിന്റെ ഗുണഗണങ്ങൾമാത്രം വർണി ക്കുന്നതിൽ താൽപ്പര്യം കാണിയ്ക്കുന്ന ചെമ്പരത്തിപ്പൂപോലെ തുടുത്ത നിന്റെ നാവിന്റെ അഗ്രഭാഗത്തു സ്ഫടികസദൃശമായ പത്മരാഗവർ ണത്തോടുകൂടി സരസ്വതീദേവി സ്വയം അവതരിച്ചിരിയ്ക്കുന്നു!

വരന്നുള്ളോരോരോ ഗുണവുമുരുവിട്ടോതിയൊരു ചെ-
മ്പരത്തിപ്പൂവായ് നിൻ രസന വിലസുന്നൂ ഗിരിസുതേ!
പരം നാവിൻതുമ്പത്തതിവിമലരൂപാത്മിക വ-
ന്നിരിയ്ക്കുന്നൂ വാണീഭഗവതിയുമാരക്തതനുവായ്!

65

രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭിഃ
നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമ്മാല്യവിമുഖൈഃ
വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപ്പൂരശകലാ
വിലീയന്തേ മാതസ്തവവദനതാംബൂലകബലാഃ

അസുരന്മാരെ ജയിച്ചു വന്നു തലപ്പാവഴിച്ചു കവചങ്ങളുമായി നിന്നെ വണങ്ങാൻ വന്ന ഇന്ദ്രനും വിഷ്ണുവും സുബ്രഹ്മണ്യനും ചണ്ഡാസുരനുള്ള നിർമ്മാല്യം ത്യജിച്ച് വെള്ളക്കർപ്പൂരമടങ്ങിയ നിന്റെ താംബൂലം പ്രസാദമായി വാങ്ങി അലിയുന്നതുവരെ വായിലിട്ടു നുണയുന്നു.

പടയ്ക്കായ് വന്നെത്തുന്നസുരരെ ജയിച്ചങ്കകവചം
മടക്കാതെത്തുമ്പോൾ ഹരിഗുഹസുരേശർക്കു ശിവ നീ
കൊടുക്കും കർപ്പൂരത്തെളിമയിയലും വെറ്റിലജലം
കുടിയ്ക്കുന്നോർ, പക്ഷേ ത്രിപുരഹരനിർമ്മാല്യവിമുഖർ!

66

വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-
സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ
തദീയൈർമാധുര്യൈരപലപിതതന്ത്രീകളരവാം
നിജാം വീണാം വാണീ നിചുളയതി ചോലേന നിഭൃതം

ശിവന്റെ അപദാനങ്ങൾ വീണയിൽ വായിയ്ക്കുന്ന സരസ്വതി, തന്റെ സംഗീതവൈഭവത്തെ തലകുലുക്കി പ്രശംസിച്ച നിന്റെ സ്വരമാധുരിയിൽ പരിഹാസ്യമായ തന്ത്രികളുമായി സ്വന്തം വീണ മറ്റാരും കാണുന്നതിനു മുമ്പേ പെട്ടെന്നു നിശ്ശബ്ദം ഉറയ്ക്കുള്ളിൽ ഒളിപ്പിയ്ക്കുന്നു.

വിപഞ്ചീവാദ്യത്തിൽ ഗിരിശചരിതങ്ങൾ സരസമാ-
ലപിയ്ക്കും വാണിയ്ക്കായ് മറുമൊഴിയുരയ്ക്കാൻ തുനിയവേ
അപാരം നിൻ വാചാമധുരത ചെവിക്കൊണ്ടുടനെ സ-
ത്രപം വാണീ വാദ്യം ദ്രുതമുറയിലാക്കുന്നു സഹസാ!

67

കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ
ഗിരീശേനോദസ്തം മുഹുരധരപാനാകുലതയാ
കരഗ്രാഹ്യം ശംഭോർമുഖമുകുരവൃന്തം ഗിരിസുതേ
കഥംകാര ബ്രൂമസ്തവചുബുകമൗപമ്യരഹിതം

ബാല്യത്തിൽ പിതാവായ ഹിമവാന്റെ വാത്സല്യമൂറുന്ന വിരൽസ്പർശവും യൗവനത്തിൽ അധരപാനകുതുകിയായ ഭർത്താവിന്റെ കരസ്പർശവുമേറ്റ മുഖക്കണ്ണാടിയ്ക്കു കൈപ്പിടിയായി മറ്റൊരുപമയ്ക്കും വഴങ്ങാത്ത നിന്റെ സുന്ദരമായ താടിയെ ഞങ്ങളെങ്ങനെ വർണിയ്ക്കും?

വിരൽസ്പർശാശിസ്സിൽ പിതൃഹൃദയവാത്സല്യപദവും
കരാശ്ലേഷോഷ്ണത്തിൽ ഗിരിശമുഖരാഗാർദ്രരസവും
പുരാരാതിക്കൈയിൽ മുഖകമലകണ്ണാടിയുടെ വാൽ-
ക്കരുത്തായ് നിൻ താടിയ്ക്കുപമ പറയാനെന്തു ഗിരിജേ?

68

ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ
തവ ഗ്രീവാധത്തേ മുഖകമലനാളശ്രിയമിയം
സ്വതഃ ശ്വേതഃ കാലാഗരുബഹുലജംബാലമലിനാ
മൃണാളീലാളിത്യം ദധതി യദധേ ഹാരലതികാം

ശിവാശ്ളേഷത്തിന്റെ രോമാഞ്ചം മുൾത്തരിപ്പാകുന്ന നിന്റെ കഴുത്തു മുഖകമലത്തിന്റെ ലോലനാളമായി കാണപ്പെടുന്നു. കഴുത്തിലണിഞ്ഞ കാരകിലിന്റെ കുറിക്കൂട്ടു പറ്റിയ വെളുത്ത മണിമാല അൽപ്പം കറുത്തു ചെളി പുരണ്ട താമരവളയത്തിനും തുല്യമായിരിയ്ക്കുന്നു.

ഗിരീശാശ്ലേഷത്താൽ പുളകവതി നിൻ കണ്ഠമൊരു പൂ-
മരത്തണ്ടായ് തീർന്നു മുഖസരസിജത്തിന്നനുഗുണം!
കരിഞ്ചായം തെല്ലൊന്നിളകി മണിഹാരം ചെളി പുര-
ണ്ടിരുണ്ടപ്പോൾ കണ്ഠം കമലവളയംപോലെ മൃദുലം!

69

ഗളേ രേഖാസ്തിസ്രോ ഗതിഗമകഗീതൈകനിപുണേ
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ
വിരാജന്തേ നാനാവിധമധുരരാഗാ കരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ

ഗതിഗമകഗീതങ്ങളിൽ നിപുണയായ ദേവീ, നിന്റെ കഴുത്തിലെ മൂന്നു ഭാഗ്യരേഖകൾ വിവാഹത്തിനു ഭർത്താവണിയിച്ച മൂന്നിഴമണിമാലയ്ക്കു തുല്യമായി, നാനാരസങ്ങളുടേയും മധുരരാഗങ്ങളുടേയും ഉറവിടമായി മൂന്നു സ്വരസമൂഹങ്ങളുടെ അതിരുകളായി വിരാജിയ്ക്കുന്നു.

കഴുത്തിൽ കാണും മൂന്നതിരുവരകൾ ഗീതഗതികൾ-
ക്കിഴച്ചാർത്തായ് വേളിയ്ക്കണിയുമണിമാലയ്ക്കനൃതം
വഴിത്താരായ് നാനാവിധമധുരരാഗാർദ്രരസമാ-
യെഴും ഗ്രാമങ്ങൾക്കുള്ളതിരുകളുമായ്ത്തീർന്നു ഗിരിജേ!

70

മൃണാളീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം
ചതുർഭിഃ സൗന്ദര്യം സരസിജഭവൈഃ സ്തൗതി വദനൈഃ
നഖേഭ്യഃ സന്ത്രസ്യൻ പ്രഥമമഥനാദന്ധകരിപോഃ
ചതുർണാം ശീർഷാണാം സമമഭയഹസ്താർപ്പണധിയാ

പണ്ടൊരിയ്ക്കൽ തന്റെ ഒരു ശിരസ്സു കോപത്തോടെ നുള്ളിക്കളഞ്ഞ ശിവന്റെ നഖങ്ങളെ ഭയന്നു ബ്രഹ്മാവ് മറ്റു നാലു ശിരസ്സുകൾക്കും അഭയം തേടി താമരവളയംപോലുള്ള നിന്റെ ഭുജലതകളുടെ സൗന്ദര്യം നാലു മുഖങ്ങളുംകൊണ്ട് ഒരേസമയം സ്തുതിച്ചുകൊണ്ടിരിയ്ക്കുന്നു.

മുഖത്തിന്നൊന്നുണ്ടായപകടമൊരിയ്ക്കൽ പുരരിപു-
നഖത്താലെന്നോർത്തിട്ടതിമൃദുമൃണാളത്തളിരുമായ്
സഖിത്വം തേടും നിൻ കരലതകളെസ്തോത്രവഴി നാ-
ന്മുഖൻ വാഴ്ത്തുന്നോരോ മുഖവുമഭയം തേടി ഗിരിജേ!

71

നഖാനാമുദ്യോതൈർ നവനളിനരാഗം വിഹസതാം
കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ
കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത കമലം
യദിക്രീഡല്ലക്ഷ്മീ ചരണതലലാക്ഷാരസചണം?

ഉമാദേവീ, നഖസൗന്ദര്യംകൊണ്ടു താമരയുടെ ചുവപ്പിനെ പരിഹസിയ്ക്കുന്ന നിന്റെ കരങ്ങളുടെ കാന്തിയെ എങ്ങനെയാണു വർണിയ്ക്കേണ്ടത്? താമരയിൽ വസിയ്ക്കുന്ന ലക്ഷ്മിയുടെ പാദങ്ങളിലെ ചെമ്പഞ്ഞിച്ചാറു പൂവിതളിൽ പറ്റിയതാണെന്ന ഉപമ വേണമെങ്കിൽ പറയാം!

നഖപ്പൂക്കൾ ചിന്നുന്നരുണിമ പടർന്നോരു തവ കൈ-
പ്പടത്തിൻ സൗന്ദര്യം പറയുവതു ഞാനെങ്ങിനെയുമേ?
ചുവപ്പിൽ ശ്രീലക്ഷ്മീചരണതലചെഞ്ചാറണിജലം
തളിയ്ക്കുമ്പോൾ ചെന്താമരയിതളുപോലെന്നുപമയോ?

72

സമം ദേവീസ്കന്ദദ്വിപവദനപീതം സ്തനയുഗം
തവേദം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം
യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകാഃ
സ്വകുംഭം ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി

ഗുഹനും ഗണപതിയ്ക്കും സദാ കുടിയ്ക്കാവുന്നവിധം പാലൂറുന്ന നിന്റെ കുചദ്വയം ഞങ്ങളുടെ ദുഃഖം ശമിപ്പിയ്ക്കട്ടെ! ആ സ്തനങ്ങൾ കണ്ടു തന്റെ മസ്തകം അമ്മ അപഹരിച്ചെന്ന ശങ്കയോടെ ഗണപതി സ്വന്തം തല തുമ്പിക്കൈകൊണ്ടു തപ്പുന്നതു ചിലർക്കു തമാശയ്ക്കു കാരണമാകുന്നു!

ഗണേശസ്കന്ദന്മാർക്കൊരുസമയമാസ്വാദ്യകരമാ-
യിണങ്ങും നിൻ കൊങ്കത്തടമപഹരിയ്ക്കാവു ദുരിതം!
ഗുണങ്ങൾ കാൺകേ സംശയഭയമുണർന്നോ ഗണപതി
ക്ഷണം തുമ്പിക്കൈയാൽ പരതി തനതാം മസ്തകതടം?

73

അമൂ തേ വക്ഷോജൗ അമൃതരസമാണിക്യകുതുപൗ
ന സന്ദേഹസ്പന്ദോ നഗപതിപതാകേ മനസി നഃ
പിബന്തൗ തൗ തസ്മാദവിദിതവധൂസംഗരസികൗ
കുമാരാവദ്യാപി ദ്വിരദവദനക്രൗഞ്ചദലനൗ

നിന്റെ വക്ഷോജങ്ങൾ അമൃതം നിറച്ച രണ്ടു മാണിക്യകുംഭങ്ങളാണെന്ന കാര്യത്തിൽ ഞങ്ങൾക്കൊരു സംശയവുമില്ല. എന്തെന്നാൽ ആ അമൃതം കുടിച്ചതു കൊണ്ടായിരിയ്ക്കണം, ഗണപതിയും സുബ്രഹ്മണ്യനും ഇപ്പോഴും വധൂസംഗരസമറിയാതെ കുമാരന്മാരായി കഴിയുന്നത്.

അതുല്യം നിൻ കൊങ്കത്തടമമൃതമാണിക്യകുടമെ-
ന്നതിൽ ഞങ്ങൾക്കില്ലാ നഗപതിസുതേ സംശയലവം!
സുതന്മാർ നിൻ സ്തന്യാമൃതരുചി നുകർന്നല്ലി വധുസം-
ഗതം കൂടാതിന്നും ശിശുസദൃശരായ് വാഴ്‌വു സസുഖം!

74

വഹത്യംബ സ്തംബേരമദനുജകുംഭപ്രകൃതിഭിഃ
സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം
കുചാഭോഗോ ബിംബാധരരുചിഭിരന്തഃ ശബലിതം
പ്രതാപവ്യാമിശ്രാൻ പുരദമയിതുഃ കീർത്തിമിവ തേ

ഗജാസുരനെ തോൽപ്പിച്ച് ആ മസ്തകത്തിലെ മുത്തുമണികൾ കോർത്തു നീ മാറിലണിഞ്ഞിരിയ്ക്കുന്ന വെളുത്ത മാല തൊണ്ടിപ്പഴംപോലെ ചുവന്ന നിന്റെ അധരകാന്തിയേററു ശിവന്റെ കീർത്തിയും (വെളുപ്പ്) പ്രതാപവും (ചുവപ്പ്) ഒരുപോലെ വിളംബരം ചെയ്യുന്നു.

കഴുത്തിൽ ചാർത്താനായ് ഗജദനുജകുംഭങ്ങളിലെ മു-
ത്തിഴച്ചാർത്തായ്ത്തീരും പവിഴമണിമാലയ്ക്കൊരഴകായ്
തഴയ്ക്കും മാറിൽ ചുണ്ടരുണിമ പതിയ്ക്കുമ്പൊഴുതുരു-
ക്കഴിയ്ക്കുന്നൂ നിത്യം ഗിരിശഗരിമാകീർത്തികളെ നീ!

75

തവസ്തന്യം മന്യേ ധരണിധരകന്യേ ഹൃദയത:
പയ: പാരാവാര: പരിവഹതി സാരസ്വതമിവ
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്-
കവീനാം പ്രൗഢാനാമജനി കമനീയ: കവയിതാ

സ്വന്തം ഹൃദയത്തിൽനിന്നും ഉറന്നൊഴുകുന്ന സാരസ്വതരസത്തിന്റെ സുധാപ്രവാഹമാണ് നിന്റെ മുലപ്പാലെന്നു ഞാൻ കരുതുന്നു. നിന്റെ പാലു കുടിച്ചു വളർന്ന ഒരു ദ്രാവിഡശിശു പ്രൗഢരായ മഹാകവികളുടെ കൂട്ടത്തിൽ ഏറ്റവും മഹനീയനായി തീർന്നുവല്ലോ.

മുലപ്പാലായ് ശൈലാധിപതനയ നിന്നുള്ളിലുറവാ-
യലയ്ക്കും പാലാഴിത്തിരകളുടെ സാരസ്വതരസം
അലഭ്യം നീയേകി,ദ്രവിഡശിശുവിന്നാത്തകൃപയാ-
ലലം കാവ്യാത്മാക്കൾക്കിടയിലവനഗ്രേസരനുമായ്!

76

ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ
ഗഭീരേ തേ നാഭീസരസി കൃതസംഗോ മനസിജ:
സമുത്തസ്ഥൗ തസ്മാദചലതനയേ ധൂമലതികാ
ജനസ്താം ജാനീതേ തവ ജനനി രോമാവലിരിതി

ശിവന്റെ കോപാഗ്നിയിൽ പൊള്ളലേറ്റ കാമദേവൻ വേദനകൊണ്ട് എരിഞ്ഞ ശരീരത്തോടെ നിന്റെ നാഭിയാകുന്ന സരസ്സിലേയ്ക്കു ചാടി യപ്പോൾ സ്വയം ഉയർന്നുപൊങ്ങിയ പുകപടലങ്ങളാണ് നിന്റെ മാറി ൽ കാണപ്പെടുന്ന രോമാവലികളെന്നു ജനങ്ങൾ പറയുന്നു.

ഹരക്രോധത്തീയേറ്റെരിപൊരി സഹിയ്ക്കാതെ സുമനോ-
ശരൻ നിൻ നാഭിപ്പൂവനതടിനിയിൽ ചാടി സഹസാ
കരിഞ്ഞാളിപ്പൊങ്ങും പുകപടലമെന്നായി ഗിരിജേ
ധരിയ്ക്കുന്നൂ ലോകം തവ മൃദുലരോമാവലികളെ!

77

യദേതത് കാളീന്ദീതനുതരതരംഗാകൃതി ശിവേ
കൃശേ മധ്യേ കിഞ്ചിത്ജനനി തവ യദ്ഭാതി സുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം

കുചകലശങ്ങളുടെ മർദ്ദനം സഹിയ്ക്കാതെ അവയ്ക്കിടയിലുള്ള സൂക്ഷ്മാകാശം, നാഭീഗുഹയിലേയ്ക്കു പ്രവേശിച്ചു നിന്റെ മെലിഞ്ഞ മദ്ധ്യപ്രദേശത്തിൽ കാളിന്ദിയിലെ കുഞ്ഞോളങ്ങളുടെ കറുപ്പുനിറം സമാർജ്ജിച്ചു സുകൃതികൾക്കു കാണാവുന്ന വിധത്തിൽ ശോഭിയ്ക്കുന്നു.

പരക്കും കാളീന്ദീകുളിരലകളായ് നിന്റെ മൃദുലോ-
ദരത്തിൽ കാണുന്നുണ്ടൊരു ചെറുവഴിത്താര വിബുധർ
തിരക്കിത്തിക്കും നിൻ കുചയുഗമിടയ്ക്കുള്ള വിടവിൽ-
ക്കുരുങ്ങുന്നാകാശത്തിനൊരഭയമായ് നാഭികുഹരം!

78

സ്ഥിരോ ഗംഗാവർത്തഃ സ്തനമുകുലരോമാവലിലതാ
കലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ
രതേർലീലാഗാരം കിമപി തവ നാഭിർഗിരിസുതേ
ബിലദ്വാരം സിദ്ധേർഗിരിശനയനാനാം വിജയതേ

ഗംഗാനദിയിലെ അഗാധമായ ചുഴിയും കുചമുകുളങ്ങൾ പുഷ്പിയ്ക്കുന്ന രോമാവലികളുടെ നീർത്തടവും കാമദേവന്റെ തേജസ്സെരിയുന്ന കുണ്ഡവും രതിയുടെ വിലാസവസതിയും ശിവനയനങ്ങളുടെ തപസ്സിദ്ധിയ്ക്കു ഗുഹാദ്വാരവുമായി നിന്റെ നാഭീകുഹരം പരിശോഭിയ്ക്കുന്നു.

കയം ഗംഗാതീരത്തി,ളുകുചഭരോന്മീലിതലതാ-
ലയം, പൂവമ്പെയ്യും മദനനെരികുണ്ഡം, രതിരസം
മയങ്ങും സങ്കേതം, ഗിരിശനയനങ്ങൾക്കു സകലാ-
മയം തീർക്കും മോക്ഷപ്പഴുതു തവ നാഭീസുമമുമേ!

79

നിസർഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷാം
നമന്മൂർത്തേർനാരീതിലക ശനകൈസ്ത്രുട്യത ഇവ
ചിരം തേ മധ്യസ്യ ത്രുടിതതടിനീതീരതരുണാ-
സമാവസ്ഥാസ്ഥേമ്നോ ഭവതു കുശലം ശൈലതനയേ!

സ്വഭാവേന മെലിഞ്ഞും കുചങ്ങളുടെ ഭാരം താങ്ങാനാവാതെ മുന്നോട്ടൊന്നു കുനിഞ്ഞും ബലക്ഷയംകൊണ്ടു പൊട്ടിപ്പോകുമോ എന്നു സംശയിയ്ക്കാവുന്നവിധം കരയിടിഞ്ഞ നദീതീരത്തെ വൃക്ഷംപോലെ അസ്ഥിരവുമായ നിന്റെ മദ്ധ്യപ്രദേശത്തിനു കുശലം ഭവിയ്ക്കട്ടെ!

മെലിഞ്ഞാലസ്യം പൂണ്ടിരുകുചഭരം താങ്ങി കുനിയാൻ
ബലം പോരാ,തിപ്പോൾ നടുവൊടിയുമെന്നുള്ള നിലയിൽ
മലഞ്ചോലത്തീരത്തടിമണലിടിഞ്ഞുള്ള മരമാ-
യുലഞ്ഞാടും ശൈലേശ്വരിമകളെ ഞാൻ താണു തൊഴുവൻ!

80

കുചൗ സദ്യ:സ്വിദ്യത്തടഘടിതകൂർപ്പാസഭിദുരൗ
കഷന്തൗ ദോർമൂലേ കനകകലശാഭൗ കലയതാ
തവ ത്രാതും ഭംഗാദലമിതി വലഗ്നം തനുഭുവാ
ത്രിധാനദ്ധം ദേവീ ത്രിവലി ലവലീവല്ലിഭിരിവ

പെട്ടെന്നു വിയർത്തു കുപ്പായം ഭേദിച്ച കക്ഷത്തിൽ ചെന്നു മുട്ടി, കനകകലശങ്ങളെപ്പോലുള്ള സ്തനങ്ങൾ സൃഷ്ടിച്ച കാമദേവൻ നിന്റെ മെലിഞ്ഞ മദ്ധ്യപ്രദേശം പൊട്ടരുതെന്നു കരുതി ലവലീവള്ളികൊണ്ടു കെട്ടിയതുപോലെ ഉദരത്തിൽ മൂന്നു വലികൾ കാണപ്പെടുന്നു.

മുറുക്കത്തിൽ കക്ഷത്തിറുകിയ പടം വേർത്തു ചിതറി-
ത്തെറിയ്ക്കും നിൻ സ്വർണക്കുചകലശഭാരത്തിലവശം
വിറയ്ക്കും മദ്ധ്യത്തിൽ ലവലതകളെക്കൊണ്ടു ബലമാ-
യുറപ്പിച്ചോ മാരൻ ഹിമഗിരിസുതേ മൂന്നു വലയം?

81

ഗുരുത്വം വിസ്താരം ക്ഷിതിധരപതി: പാർവതി നിജാത്
നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ
അതസ്തേ വിസ്തീർണോ ഗുരുരയമശേഷാം വസുമതീം
നിതംബ പ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച

പിതാവായ ഹിമവാൻ പൈതൃകമായി ലഭിച്ച സ്വത്തിൽനിന്നു വിശാലമായൊരു ഭൂപ്രദേശം സ്ത്രീധനമായി തന്നതുകൊണ്ട് നിന്റെ നിതംബം അതേപോലെ കനവും വലിപ്പവും ചേർന്ന ത്രിഭുവനങ്ങളുടെ വിസ്താരം കാഴ്ചയിൽനിന്നു മറച്ചു ഭാരവും ലഘുവാക്കിത്തീർക്കുന്നു.

നിതംബപ്രാന്തം ഭൂധരപതി നിനക്കേകി വരണാർ-
ത്ഥിതദ്രവ്യം, ഭാരം വിപുലതയുമായാത്തമതിനാൽ
അതീതവ്യാപ്തം മൂവുലകു മറയുമ്പോളുപരി നിൻ
നിതംബത്താൽ തീർത്തും ഘനരഹിതമായ്ത്തീർന്നു ഭുവനം!

82

കരീന്ദ്രാണാം ശുണ്ഡാൻ കനകകദളീകാണ്ഡപടലീം
ഉഭാഭ്യാമൂരുഭ്യാമുഭയമപി നിർജ്ജിത്യ ഭവതി
സുവൃത്താഭ്യാം പത്യുഃ പ്രണതി കഠിനാഭ്യാം ഗിരിസുതേ
വിധിജ്ഞേ ജാനുഭ്യാം വിബുധകരികുംഭദ്വയമസി!

ആനയുടെ തുമ്പിക്കൈയിനേയും കനകവർണമാർന്ന കദളിവാഴത്തണ്ടിനേയും ജയിയ്ക്കുന്നതാണു നിന്റെ രണ്ടു തുടകൾ; ഭർത്താവിനെ നിത്യവും നമസ്കരിക്കുന്നതുമൂലം തഴമ്പു വന്ന വൃത്താകാരത്തിലുള്ള കാൽമുട്ടുകൾ ഐരാവതത്തിന്റെ മസ്തകങ്ങളേയും ജയിയ്ക്കുന്നു!

തുരത്തും നിന്നൂരുദ്വയഗരിമയോർത്താൽ ഗിരിസുതേ,
കരിത്തുമ്പിക്കൈ,പൂങ്കദളിയുടെ തായ്ത്തണ്ടു,തിനു മേൽ
പുരാരാതിയ്ക്കെന്നും പലവുരു നമസ്കാരവിധിയാ-
ചരിയ്ക്കും ജാനുക്കൾ സുരവരകരീകുംഭയുഗവും!

83

പരാജേതും രുദ്രം ദ്വിഗുണശരഗർഭൗ ഗിരിസുതേ
നിഷംഗൗ ജംഘേ തേ വിഷമവിശിഖാ ബാഢമകൃതാ
യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗളീ–
നഖാഗ്രച്ഛദ്മാനഃ സുരമകുടശാണൈകനിശിതാഃ

രുദ്രനെ തോൽപ്പിയ്ക്കാൻ കാമദേവൻ അഞ്ചു ശരങ്ങൾ ഇരട്ടിപ്പിച്ചു സൂക്ഷിയ്ക്കാനുള്ള ആവനാഴികളായി നിന്റെ മുഴങ്കാലുകൾ സൃഷ്ടിച്ചതിനു തെളിവാണു ദേവകിരീടങ്ങളാകുന്ന ചാണക്കല്ലിലുരച്ച ശരങ്ങളായി പാദാഗ്രങ്ങളിൽ ചന്ദ്രക്കലപോലെ കാണുന്ന പത്തു നഖങ്ങൾ!

സ്മരൻ യുദ്ധത്തിന്നായ് സുമശരമിരട്ടിച്ചു ഹരനാ-
യൊരുക്കും തൂണീരത്തുടി തവ കണങ്കാലുകളുമേ!
നിരക്കുന്നു നിൻ കാൽവിരലുകളിലഗ്രം സുരശിര-
സ്സുരക്കല്ലിൽ തീർക്കും നഖമുനകളായ് പത്തു ശരവും!

84

ശ്രുതീനാം മൂർദ്ധാനോ ദധതി തവ യൗ ശേഖരതയാ
മമാപ്യേതൗ മാതഃ ശിരസി ദയയാ ധേഹി ചരണൗ
യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ
യയോർലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ

ശിവന്റെ ശിരസ്സിലെ ഗംഗാനദി പാദ്യാദിജലമായും വിഷ്ണുവിന്റെ കിരീടത്തിലെ ചൂഡാമണിയുടെ അരുണനിറം ചെമ്പഞ്ഞിച്ചാറായും വേദശിരസ്സുകളായ ഉപനിഷത്തുക്കൾ ശിരോഭൂഷണമായും അണിയുന്ന നിന്റെ ചരണങ്ങൾ ദയാപൂർവം എന്റെ ശിരസ്സിൽ പതിച്ചാലും!

ശ്രുതിയ്ക്കും മൂർദ്ധാവാ,യുപനിഷദസാരം മകുടമായ്
പതിയ്ക്കും ഗംഗാനിർത്ധരിയുടെ നദീതീരതടമായ്
സ്തുതിയ്ക്കും ചെഞ്ചാറാ,യരുണഹരിചൂഡാമണികളായ്
ദ്യുതിയ്ക്കും പാദങ്ങൾ ദയവൊട്ടു പതിയ്ക്കെൻ ശിരസി നീ!

85

നമോവാകം ബ്രൂമോ നയനരമണീയായ പദയോ:
തവാസ്മൈ: ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ
അസൂയാത്യത്യന്തം യദഭിഹനനായ സ്പൃഹയതേ
പശൂനാമീശാന: പ്രമദവനകങ്കേളിതരവേ

തഴച്ചുവളരാനായി നിന്റെ ചവിട്ടേൽക്കുന്ന പ്രമദവനത്തിലെ അശോകവൃക്ഷത്തോട് അസൂയ പുലർത്തുന്ന പശുപതിയെ മോഹിപ്പിയ്ക്കുന്ന വിധം നയനരമണീയമായി ചെമ്പഞ്ഞിച്ചാറണിഞ്ഞു മനോഹരമായ നിന്റെ ചരണങ്ങൾക്കു ഞങ്ങൾ നമോവാകം പറയുന്നു.

മിഴിപ്പൂക്കൾക്കെന്നും മിഴിവു പകരുന്നേഴഴകു നിൻ
കഴൽദ്വന്ദം ചെഞ്ചാറണിമിളിതമീശാനദയിതേ!
തഴച്ചാർക്കാനായ് നിൻ കഴലിണയശോകത്തടികളെ-
ത്തൊഴിയ്ക്കുമ്പോൾ ശംഭ്രമിഴിയിണയസൂയാകലുഷിതം!

86

മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം
ലലാടേ ഭർത്താരം ചരണകമലേ താഡയതി തേ
ചിരാദന്തഃശല്യം ദഹനകൃതമുന്മൂലിതവതാ
തുലാകോടിക്വാണൈ: കിലികിലിതമീശാനരിപുണാ

പെട്ടെന്നു പേരു മാറിപ്പറഞ്ഞതിൽ ലജ്ജിച്ചു തല താഴ്ത്തിയ ഭർത്താവിന്റെ നെറ്റിത്തടത്തിൽ നീ ചവിട്ടിയപ്പോഴുണ്ടായ ചിലമ്പുകളുടെ കിലുകിലുക്കം, തന്നെ ദഹിപ്പിച്ച ശിവനോടു കാമദേവൻ വെച്ചു പുലർത്തുന്ന വൈരം ശമിച്ചതിലുള്ള വിജയാരവമായി തോന്നുന്നു.

വിളിച്ചപ്പോൾ പേരൊന്നിടറി തല താഴ്ത്തുന്ന പതിയെ-
ത്തളയ്ക്കാൻ നീ നെറ്റിയ്ക്കുടനടി ചവിട്ടുന്ന സമയം
കുളിർത്തല്ലോ ചിത്തം മദനനു മുഴങ്ങുന്നു ജയമം-
ഗളങ്ങൾ മഞ്ജീരസ്വരലുളിതമായ് ശൈലതനയേ!

87

ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൗ
നിശായാം നിദ്രാണം നിശി ചരമഭാഗേ ച വിശദൗ
വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തം സമയിനാം
സരോജം ത്വദ്പാദൗ ജനനി ജയതശ്ചിത്രമിഹ കിം?

രാപ്പകൽ ഭേദമില്ലാതെ സദാ മഞ്ഞു പുതഞ്ഞ മണ്ണിൽ കഴിഞ്ഞു സുകൃതികൾക്കു സൗഭാഗ്യം നൽകുന്ന നിന്റെ പാദങ്ങൾ, മഞ്ഞേററു നശിയ്ക്കുകയും രാത്രി സ്വയം കൂമ്പുകയും ലക്ഷ്മിയെ ഉള്ളിലൊതുക്കുകയും ചെയ്യുന്ന താമരപ്പൂക്കളെ ജയിയ്ക്കുന്നതിൽ എന്താണതിശയം?

മറഞ്ഞൂ മഞ്ഞിൽ, മഞ്ഞലമലകളിൽ താമസ;മല-
ഞ്ഞുറങ്ങീ രാവിൽ,രാപ്പകലറുതിയില്ലാതെ പണികൾ;
നിറഞ്ഞൈശ്വര്യ, ശ്രീയൊഴുകിവഴിയും ഭക്തരിലുമേ;
പറഞ്ഞാൽ ചിത്രം നിൻ പദസദൃശമെന്നോ സരസിജം?

88

പദം തേ കീർത്തീനാം പ്രപദമപദം ദേവി വിപദാം
കഥം നീതം സദ്ഭിഃ കഠിനകമഠീകർപ്പരതുലാം?
കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ
യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ?

യാതൊരാപത്തും ബാധിയ്ക്കില്ലെന്ന പ്രശസ്തിയുള്ള നിന്റെ പുറവടിയെ കവികളെങ്ങനെയാണ കഠിനമായ ആമത്തോട്ടുമായി സാദൃശ്യപ്പെടുത്തുന്നത്? ദീനദയാലുവായ ശിവൻ എങ്ങനെയാണ വിവാഹസമയത്തു സ്വന്തം കൈകൊണ്ട് ആ പുറവടിയെ കല്ലിൽ എടുത്തുവെച്ചത്?

യശസ്സിന്നാസ്ഥാനം ദുരിതമതിനസ്ഥാനപദമെ-
ന്തശങ്കം തീർന്നൂ നിൻ പുറവടി കവിയ്ക്കാമവടിവായ്!
അഴൽപ്പാടില്ലാതെങ്ങനെ വരണനേരത്തു തവ തൃ-
ക്കഴൽ പാറക്കല്ലിൽ പരിചൊട്ടു ഹരൻ വെച്ചു സഹസാ?

89

നഖൈർനാകസ്ത്രീണാം കരകമലസങ്കോചശശിഭി-
സ്തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി ചരണൗ
ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം
ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൗ!

ദരിദ്രർക്കു സുഭദ്രമായ ഐശ്വര്യം സദാ നൽകുന്ന നിന്റെ പാദങ്ങളിലെ ചന്ദ്രക്കലപോലുള്ള നഖങ്ങൾ കണ്ടു കൈത്താമര കൂമ്പിയ ദേവസ്ത്രീകൾ, തളിരിലക്കൈകൊണ്ടു ദേവന്മാർക്കു മാത്രം ഫലമേകുന്ന കൽപ്പവൃക്ഷങ്ങളെ പരിഹസിയ്ക്കുകയാണെന്നു തോന്നും.

ദരിദ്രർക്കൈശ്വര്യം സതതമരുളും നിൻ പദനഖ-
സ്ഫുരേന്ദുശ്രീ കാൺകേ കരകമലവും കൂപ്പി തരസാ
സുരസ്ത്രീകൾ, കൈത്താരിതളിലമരർക്കുത്തമഫലം
തരാനെത്തും കൽപ്പത്തരുവിനെയികഴ്ത്തുന്നു ഗിരിജേ!

90

ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീ-
മമന്ദം സൗന്ദര്യപ്രകരമകരന്ദം വികിരതി
തവാസ്മിൻ മന്ദാരസ്തബകസുഭഗേ യാതു ചരണേ
നിമജ്ജന്മജ്ജീവഃ കരണചരണഃ ഷട്ചരണതാം

ദരിദ്രരും ദീനരുമായവർക്കു സദാ ഐശ്വര്യം സമ്മാനിയ്ക്കുന്ന, സൗന്ദര്യമകരന്ദമൊഴുക്കുന്ന കൽപ്പവൃക്ഷത്തിന്റെ പൂങ്കുലപോലുള്ള, നിന്റെ പാദങ്ങളിൽ കരണചരണങ്ങളോടു കൂടിയ ജീവൻ നിമജ്ജനം ചെയ്തു ഞാൻ ആറിന്ദ്രിയങ്ങളുള്ള ഷഡ്പദാവസ്ഥ പ്രാപിയ്ക്കട്ടെ!

ദരിദ്രർക്കാവശ്യാനുസരണഫലം നൽകി, സുമനോ-
ഹരം സൌന്ദര്യത്തേനൊഴുകുമൊരു മന്ദാരമലരായ്
വിരാജിയ്ക്കും ദേവീപദതളിരിലെൻ ജീവനുപസം-
ഹരിച്ചാറായ് തീരും പദമൊടൊരു വണ്ടായ് ചമയുവൻ!

91

പദന്യാസക്രീഡാപരിചയമിവാരബ്ധമനസഃ
സ്ഖലന്തസ്തേ ഖേലം ഭവനകളഹംസാ ന ജഹതി
അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-
ച്ഛലാദാചക്ഷാണം ചരണകമലേ ചാരുചരിതേ

വീട്ടിൽ വളർത്തുന്ന ഹംസങ്ങൾ നടനാഭ്യാസത്തിനുവേണ്ടി നിന്നെ പിന്തുടരുന്നതിനിടയിൽ പാദങ്ങൾ ഇടയ്ക്കിടെ വഴുതി വീഴുമ്പോൾ നിന്റെ ചിലമ്പുകളുടെ മധുരമായ മഞ്ജീരസ്വരങ്ങൾ അവയ്ക്കുഭ്യാസത്തിനുള്ള വായ്ത്താരി പറഞ്ഞു കൊടുക്കുകയാണെന്നു തോന്നും.

നടക്കുന്നേരം നിൻ ഗതിയനുകരിയ്ക്കാൻ പിറകെ വ-
ന്നടുക്കുന്നന്നങ്ങൾ ദ്രുതമിടറി വീഴുന്ന പിഴകൾ
തടുക്കാൻ വായ്ത്താരിക്രിയകളുപദേശിച്ചു നടനോൽ-
ക്കടം കേൾക്കാവൂ നിൻ പദമധുരമഞ്ജീരരണിതം!

92

ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ
ശിവഃ സ്വച്ഛച്ഛായാഘടിതകപടഃ പ്രച്ഛദപടഃ
ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ
ശരീരീ ശൃംഗാരോ രസമിവ ദൃശാം ദോഗ്ധി കുതുകം

ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നിവർ നിന്റെ മഞ്ചത്തിനു നാലു കാലുകളും സദാശിവൻ വെളുത്ത വിരിപ്പുമായി. നിന്റെ ചുവന്ന ദേഹകാന്തി പ്രതിഫലിച്ചപ്പോൾ സദാശിവന്റെ സ്വച്ഛത ശൃംഗാരം മൂർത്തീഭവിച്ച അരുണനിറമായി കണ്ണിനു കൗതുകം വളർത്തുന്നു.

ചുമക്കാൻ നിന്മഞ്ചം വിധിഹരിഗിരീശേശ്വരരുമൊ-
ത്തമായം ചേരും വെണ്മതിതനു വിരിപ്പായ് പശുപതി
ഉമേ നിന്നംഗത്തിന്നരുണിമയിണങ്ങുന്ന ഹരന-
ക്ഷമം ശൃംഗാരശ്രീപരിലസിതനായ് കാണ്മു കുതുകം!

93

അരാലാ കേശേഷു പ്രകൃതിസരളാ മന്ദഹസിതേ
ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ
ഭൃശം തന്വീ മധ്യേ പൃഥുരുരസിജാരോഹവിഷയേ
ജഗത്ത്രാതും ശംഭോർജ്ജയതി കരുണാ കാചിദരുണാ!

ചുരുണ്ട മുടിയും സഹജമായ മന്ദഹാസവും മൃദുലമായ മനസ്സും കരിങ്ക ല്ലുപോലെ കഠിനമായ കുചങ്ങളും മെലിഞ്ഞ അരക്കെട്ടും വലിയ സ്ത നനിതംബങ്ങളുമുള്ള ശിവന്റെ ഈ ശക്തിവിശേഷം ലോകരക്ഷയ്ക്കുവേ ണ്ടി അരുണയെന്ന പേരിൽ സദാ വിജയിയ്ക്കട്ടെ!

ചുരുണ്ടാർക്കും കേശം, സഹജസരളം പുഞ്ചിരിമുഖം,
കരിങ്കല്ലായ് കൊങ്കത്തട,മലരുപോലുള്ള ഹൃദയം,
പരിക്ഷീണം മദ്ധ്യം, കുചയുഗനിതംബങ്ങളുമുയർ-
ന്നിരിയ്ക്കും നീ ലോകാവനയരുണയായ് വാഴ്ക ഗിരിജേ!

94

കളങ്കഃ കസ്തൂരീ രജനികരബിംബം ജലമയം
കലാഭിഃ കർപ്പൂരൈർമരതകകരണ്ഡം നിബിഡിതം
അതസ്ത്വത് ഭോഗേന പ്രതിദിനമിദം രിക്തകുഹരം
വിധിർഭൂയോ ഭൂയോ നിബിഡയതി നൂനം തവ കൃതം

ചന്ദ്രമണ്ഡലമാകുന്ന മാണിക്യകുംഭത്തിലെ ജലം പനിനീരായും കള ങ്കം കസ്‌തൂരിയായും കലകൾ കർപ്പൂരശകലങ്ങളായും നീ ഉപയോഗി ച്ച തീരുന്ന മുറയ്ക്ക് ഓരോ ദിവസവും ഒഴിയുന്ന ഭാഗം ബ്രഹ്മാവ് വീണ്ടും നിന്റെ ആവശ്യത്തിനനുസരിച്ച നിറച്ചുകൊണ്ടിരിയ്ക്കുന്നു.

കളങ്കം കസ്തൂരിക്കുറി, കിരണബിന്ദുക്കളണിനീർ,
തിളക്കം കർപ്പൂരത്തരിക,ളിവ നിൻ കാന്തിവിഭവം
അളന്നന്നന്നത്തെക്കുറവു പകരം വെച്ചു വിധി പൊ-
ന്നളുക്കായ് തീർക്കുന്നൂ വിധുകല നിനക്കാദരയുതം!

95

പുരാരാതേരന്തഃപുരമസി തതസ്ത്വത് ചരണയോഃ
സപര്യാ മര്യാദാ തരളകരണാനാമസുലഭാ
തഥാ ഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം
തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ

ത്രിപുരാന്തകന്റെ പട്ടമഹിഷിയെന്ന നിലയ്ക്കു നിന്റെ പൂജാവിധി തരള ഹൃദയർക്കു ദുഷ്ക്കരമാണെന്നതുകൊണ്ടു ദേവന്മാരെല്ലാവരും നിന്റെ ഭവനകവാടത്തിൽ സദാ ഉപാസനാസന്നദ്ധരായി നിൽക്കുന്ന അണി മാദിസിദ്ധികളുമായി അസാദൃശ്യം പ്രാപിച്ചവരായിത്തീർന്നു.

പുരാരാതിയ്ക്കന്തഃപുരദയിത നിൻ പാദ്യവിധിയാ-
ചരിയ്ക്കാൻ സൗഭാഗ്യം തരളഹൃദയർക്കില്ല ഗിരിജേ!
സുരേശന്മാരെല്ലാമതു കരുതി നിന്മന്ദിരപടി-
പ്പുരയ്ക്കൽ നിൽപ്പാണിന്നണിമഗരിമാസിദ്ധികളുമായ്!

96

കളത്രം വൈധാത്രം കതി കതി ഭജന്തേ ന കവയഃ
ശ്രിയോ ദേവ്യാഃ കോ വാ നഭവതി പതിഃ കൈരപി ധനൈഃ
മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ
കുചാഭ്യാമാസംഗഃ കുരവകതരോരപ്യസുലഭഃ!

എത്രയോ കവികൾ സരസ്വതിയുടെ വല്ലഭന്മാരായി കണക്കാക്കപ്പെ ടുന്നു, അൽപ്പധനികരെങ്കിലും എത്രയോപേർ ലക്ഷ്മീപതിമാരാകുന്നു. പക്ഷേ, പതിവ്രതാരത്നമായ നിന്റെ കുചാലിംഗനസുഖം മഹാദേവന ല്ലാതെ കുരവകവൃക്ഷത്തിനുപോലും ലഭിയ്ക്കുന്നില്ല.

കവിത്വം മോഹിക്കുന്നവരിവിടെ വാണീപതി, ധനോദ്-
ഭവാർത്ഥം ജീവിയ്ക്കുന്നവരുടനെ ലക്ഷ്മീപതികളും
ഭവത്പാദം വേറിട്ടൊരുവനെ വരിയ്ക്കാത്ത സതി നീ;-
യവാപ്യം ചെങ്കുർഞ്ഞിത്തരുവിനു തവാലിംഗനസുഖം!

97

ഗിരാമാഹുർദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പദ്മാം ഹരസഹചരീമദ്രിതനയാം
തുരീയാ കാപി ത്വം ദുരധിഗമനിസ്സീമമഹിമാ
മഹാമായാ വിശ്വം ഭ്രമയസി പരബ്രഹ്മമഹിഷി

വേദരഹസ്യം അറിയുന്നവർ നിന്നെ വാഗ്ദേവിയെന്നും ലക്ഷ്മിയെ ന്നും പാർവതിയെന്നും പറയുന്നുണ്ടെങ്കിലും തുരീയാവസ്ഥയിൽ അ നന്തമ-ഹിമയോടെ വിശ്വത്തെയാകെ ഭ്രമിപ്പിയ്ക്കുന്ന പരബ്രഹ്മമഹി ഷിയായ നീ സാക്ഷാൽ മഹാമായ തന്നെയാകുന്നു.

ഹരന്നാര്യാ ഭാര്യാ, വിധിദയിത വാണീ, കമലജാ
ഹരിയ്ക്കെന്നിത്യാദിപ്രചുരിമ പുകഴ്ത്തുന്നു വിബുധർ
തുരീയാത്മാവായ് നീ ദുരിതവഴികൾക്കപ്പുറമതിർ-
വരമ്പില്ലാലോകത്തതിശയപരാനന്ദമയി നീ!

98

കദാ കാലേ മാതഃ കഥയ കലിതാലക്തകരസം
പിബേയം വിദ്യാർത്ഥീ തവ ചരണ നിർണേജനജലം
പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ
കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം

ചെമ്പഞ്ഞിച്ചാറു കലർന്ന നിന്റെ പാദതീർത്ഥം വിദ്യാർത്ഥിയായ എനിയ്ക്കെന്നാണു കുടിയ്ക്കാൻ തരപ്പെടുക? ജന്മനാ മൂകരായവർക്കു പോലും കവിത്വത്തിനു കാരണമാകുന്ന ആ തീർത്ഥത്തിനു സരസ്വ തിയുടെ താംബൂലരസത്തിന്റെ മധുരമെന്നാണു കൈവരിക?

ഇനിച്ചൊന്നാലും നിന്നരുണപദതീർത്ഥം നുണയുമ-
ദ്ദിനം ശിഷ്യർക്കെന്നാണണയുവതു വിദ്യാവ്യസനവും?
ജനിച്ചന്നേ മിണ്ടാത്തവനു മുഖതാംബൂലരുചിയാൽ
ജനിപ്പിയ്ക്കുന്നെന്നാണുചിതകവിതാവാഗ്ധിഷണ നീ?

99

സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ
രതേ: പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ
ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ
പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ

നിന്നെ ഭജിയ്ക്കുന്നവർ സരസ്വതിയ്ക്കും ലക്ഷ്മിയ്ക്കും പതിമാരായി സപത്ന ഭാവത്തിൽ വിധിയ്ക്കും വിഷ്ണുവിനും അനിഷ്ടമുളവാക്കി, സുഭഗശരീര ത്തോടെ രതിയുടെ പാതിവ്രത്യനിഷ്ഠ മുടക്കി, ലൗകികബന്ധങ്ങൾ നശിച്ച ചിരഞ്ജീവിയായി 'പരാനന്ദ'മെന്ന രസത്തെ ആസ്വദിയ്ക്കും.

രമയ്ക്കും വാണിയ്ക്കും പതി; വിധിഹരിയ്ക്കും വിമതനായ്;
രമിപ്പിയ്ക്കും മെയ്യാൽ സ്മരനെ, രതിചാരിത്ര്യഹരനായ്;
ശമിയ്ക്കും മോഹങ്ങൾ, ജനനമരണാവർത്തനമൊഴി-
ഞ്ഞുമേ നിൻ ഭക്തന്മാർ പരമസുഖനിർവാണമണയും!

100

പ്രദീപജ്വാലാഭിർദിവസകരനീരാജനവിധിഃ
സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ
സ്വകീയൈരംഭോഭിഃ സലിലനിധിസൗഹിത്യകരണം
ത്വദീയാഭിർവാഗ്ഭിസ്തവ ജനനി വാചം സ്തുതിരിയം

കൈത്തിരിനാളംകൊണ്ടു സൂര്യനുള്ള ദീപാരാധനപോലെ, ചന്ദ്രകാന്ത ക്കല്ലിലൂറുന്ന ജലംകൊണ്ട് ചന്ദ്രനുള്ള പാദ്യോപചാരംപോലെ, തിര മാലകൊണ്ടു കടലിനുള്ള തർപ്പണംപോലെ, നിന്റെ വാക്കുകൊണ്ടു തന്നെ നിനക്കുള്ള ഈ സ്തോത്രം രചിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

വിളക്കിൻ നാളത്താൽ ദിനകരനു ദീപാഞ്ജലി, നിലാ-
വൊളിക്കല്ലിൻ നീരാൽ ഹിമകരനു പാദ്യാചമനവും
തെളിർക്കുഞ്ഞോളത്താൽ കടലിനു ജലാർപ്പണ, മകം
കുളിർപ്പിയ്ക്കും വാക്കായ്, സ്തുതികളിവ നിൻ തേന്മൊഴികളാൽ!

===